VOL NO: 04 | ISSUE 30
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 JULY 25 | 1441 DHUL HIJJAH 04 | ₹12

വാരിക

## മനുഷ്യൻ ക്വുർആനിൽ

പ്രപഞ്ചത്തിന്റെ ചരിത്രം മനുഷ്യനെന്ന സൃഷ്ടിയെ ചുറ്റിപ്പറ്റിയാണ് രൂപപ്പെട്ടത്. ലോകത്തിന്റെ ഉത്ഥാനപതനം മനുഷ്യജീവിതത്തെ ആശ്രയിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. വേദങ്ങളും ദൂതന്മാരും അവന്നുവേണ്ടിയാണ് അവതീർണമായത്. അക്ഷരവിദ്യയും പേനയും പഠനവും പ്രചാരണവും മനുഷ്യർക്കുമാത്രമുള്ളതാണ്. ഈ ദൃശ്യപ്രപഞ്ചത്തിന്റെ ഘടനതന്നെ മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്നു. എങ്കിൽ എന്താണ് മനുഷ്യൻ? എന്തിനാണ് അവൻ സൃഷ്ടിക്കപ്പെട്ടത്? എന്താണ് അവന്റെ ജീവിതലക്ഷ്യം?



**മഹാമാരിക്കാലത്തെ ഹജ്ജ്**

**ഇസ്‌ലാമിലെ ആഘോഷങ്ങളുടെ സവിശേഷത**

**തവക്കുലും കാര്യകാരണ ബന്ധങ്ങളെ സമീപിക്കലും**

**ജീവകാരുണ്യപ്രവർത്തനങ്ങൾ; വിവാദങ്ങൾ കടന്നുവരുന്നത് സൂക്ഷിക്കണം**

## ബലി പെരുന്നാൾ നൽകുന്ന സന്ദേശം

ലോകമുസ്‌ലിംകൾ ഈ വർഷം ബലിപെരുന്നാൾ ആഘോഷിക്കുന്നത് വല്ലാത്തൊരു ആത്മസംഘർഷത്തോടെയാണ്. കോവിഡ് എന്ന മഹാമാരി അത്രമാത്രം ലോകത്തെ കീഴടക്കിയിരിക്കുന്നു. ആഘോഷങ്ങളുടെ ആത്മസത്ത നഷ്ടപ്പെടുത്താതെ മഹാമാരിക്കെതിരെ ജാഗ്രത പുലർത്തിക്കൊണ്ട് മുന്നോട്ടുപോവാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

നേർപഥം വാരിക / 0184 / 2020 ജൂലൈ 25 / 1441 ദുൽഹിജ്ജ 04 / പുസ്തകം 04 / ലക്കം 30



# മനുഷ്യൻ ക്വുർആനിൽ

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**മുഖമൊഴി**
ബലിപെരുന്നാൾ നൽകുന്ന സന്ദേശം / 05

**ജാലകം**
അവരുടെ തിരിച്ചുവരവും നമ്മുടെ തിരിച്ചറിവും / 06
- സി.

**ക്വുർആൻ ദർശനം**
മുനാഫിഖൂൻ, ഭാഗം 3 / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**
ആഘോഷങ്ങളുടെ സവിശേഷത / 34
ഉസ്മാൻ പാലക്കാഴി

**ലേഖനം**
ജീവകാരുണ്യപ്രവർത്തനങ്ങൾ; വിവാദങ്ങൾ സൂക്ഷിക്കണം / 07
അബൂ തഹ്‌ലീം

അഭിമാനരോഷം / 16
അബ്ദുൽ ജബ്ബാർ മദീനി

മഹാമാരിക്കാലത്തെ ഹജ്ജ് / 18
നബീൽ പയ്യോളി

തവക്കുലും കാര്യകാരണ ബന്ധങ്ങളെ സമീപിക്കലും / 26
ശമീർ മദീനി

വീടുകൾക്കുള്ളിലെ 'സാമൂഹിക അകലം' / 31
റിഫായി ജിഫ്രി, മണ്ണാർക്കാട്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### 'ഒരു സ്റ്റാറ്റസെങ്കിലും ഇട്ടോട്ടെ?'

എന്റെ മകന്റെ ജന്മദിനമായിരുന്നു കഴിഞ്ഞ മാസം. അല്ലാഹുവും റസൂലും പഠിപ്പിക്കാത്ത ഒരു കാര്യം ദീനിൽ കടത്തിക്കൂട്ടരുത് എന്ന് പ്രബോധനം ചെയ്യുന്ന ഒരു കൂട്ടായ്മയിൽ അംഗമായ എനിക്ക് എല്ലാ ദിവസത്തെയും പോലെ തന്നെയായിരുന്നു ആ ദിവസവും. എന്നത്തെയും പോലെ അവനെ സ്നേഹിക്കുകയും കളിപ്പിക്കുകയും ചെയ്തു. അല്ലാതെ ഒരു പ്രത്യേകതയും ആ ദിവസത്തിന് കൽപിച്ചില്ല.

എന്റെ ഭാര്യക്കും ജന്മദിനാഘോഷം ഒരു അനാചാരമാണ്, പാടില്ലാത്തതാണ് എന്ന് അറിയാമെങ്കിലും വാട്സാപ്പിൽ ഒരു സ്റ്റാറ്റസ് എങ്കിലും ഇട്ടാലോ എന്ന ഒരു ചിന്ത അവൾ പ്രകടിപ്പിച്ചു. അത് വേണ്ട എന്ന് ഞാൻ പറഞ്ഞപ്പോൾ അവൾ കേൾക്കുകയും ചെയ്തു. നമ്മുടെ സ്റ്റാറ്റസ് കാണുന്നവരിൽ വർഷങ്ങളായി മക്കളില്ലാതെ വിഷമിക്കുന്നവരുണ്ടാവാം, മക്കളെ നഷ്ടപ്പെട്ടവരുണ്ടാവാം, രോഗികളായ മക്കളെയോർത്തു വിഷമിക്കുന്നവരുണ്ടാവാം...

ഞാൻ ഇത് എഴുതുന്നതിനു തൊട്ടുമുമ്പ് കണ്ട ഒരു വീഡിയോ വളരെ വിഷമിപ്പിക്കുന്നതായിരിന്നു. വേദനകൊണ്ട് പുളയുന്ന 8 മാസം പ്രായമുള്ള ഒരു മോളുടെയും അവളെ ചികിത്സിക്കാൻ സഹായം തേടുന്ന മാതാപിതാക്കളുടെയും ദൈന്യമായ മുഖം കണ്ണിൽനിന്നും മായുന്നില്ല. ഇവരെയൊക്കെ സമാധാനിപ്പിക്കാനാകുമോ നമ്മുടെ വാട്സാപ്പ് സ്റ്റാറ്റസുകൾക്കും ഫേസ്ബുക്ക് പോസ്റ്റുകൾക്കും? അതല്ല അത് അവരുടെ സങ്കടം വർധിപ്പിക്കുമോ?

മക്കൾ മഹത്തായ അനുഗ്രഹം തന്നെയാണ്; പരീക്ഷണവും. ബർത്ത്ഡേ ആഘോഷം എന്ന പേരിൽ ചായങ്ങളും ക്രീമുകളും തേച്ചുപിടിപ്പിച്ച് അന്നേദിവസം അവരെ കോമാളികളാക്കരുത്. ഇതിൽ എന്ത് പുണ്യമാണുള്ളത്? ഈ കാട്ടിക്കൂട്ടലുകളിൽ മുസ്‌ലിം സമുദായത്തിലുള്ളവർ ഒട്ടും പിന്നിലല്ല. മക്കളുടെ ഫോട്ടോ പ്രിന്റുചെയ്ത കേക്ക് മുറിച്ചു കഴിക്കുന്നു! കണ്ണും മൂക്കും വായുമൊക്കെ വെവ്വേറെയായി! മദ്യസൽക്കാരം പോലും ഇതിന്റെ ഭാഗമാകുന്നു പലയിടത്തും.

എല്ലാ കൊല്ലവും മുടങ്ങാതെ ബർത്ത്ഡേ ആഘോഷിക്കുന്നവരിൽ പലരും മക്കളുണ്ടായാൽ 'അക്വീക' അറവിന് പണം ചെലവഴിക്കാൻ മടികാണിക്കുന്നവരാണ് താനും. മക്കളോടുള്ള നമ്മുടെ സ്നേഹം ഇതുപോലുള്ള ആഘോഷങ്ങളിൽ ഒതുക്കേണ്ടതല്ല. നല്ല മര്യാദകളും മതബോധവും അറിവും പകർന്നു നൽകി ഉത്തമ പൗരന്മാരും യഥാർഥ വിശ്വാസികളുമായി അവരെ വളർത്തുന്നതിലാണ് ശ്രദ്ധവേണ്ടത്.

**-ഷിഹാൻ തോന്നയ്ക്കൽ**

### സാഹചര്യം മനസ്സിലാക്കി ഉയർന്നുചിന്തിക്കുക

മാസങ്ങൾക്കു ശേഷം 'നേർപഥം' പ്രിന്റഡ് ലക്കം കയ്യിൽ കിട്ടി; അൽഹംദുലില്ലാഹ്! കൊറോണക്കാലത്തെ സാങ്കേതിക തടസ്സങ്ങൾ കാരണം വാരിക പ്രിന്റ് ചെയ്തിരുന്നില്ലെങ്കിലും മുടങ്ങാതെ ഓൺലൈൻ പതിപ്പ് ലഭിച്ചിരുന്നതിനാൽ വായന മുടങ്ങിയിരുന്നില്ല. എന്നിരുന്നാലും സൂക്ഷിച്ചുവെക്കാനും സുഗമമായ വായനക്കും നല്ലത് പ്രിന്റഡ് കോപ്പിയായതിനാൽ കോപ്പി കയ്യിൽ കിട്ടിയതിൽ ഏറെ സന്തോഷം.

'തൊഴിൽ, വിദ്യാഭ്യാസം: കൊറോണക്കാലം മലയാളികൾക്ക് സമ്മാനിക്കുന്ന അവസരങ്ങൾ' എന്നനബീൽ പയ്യോളിയുടെ ലേഖനം വർത്തമാനകാലത്ത് ഏറെ പ്രസക്തമായി. സാഹചര്യങ്ങളെ പോസിറ്റീവ് ആയിക്കണ്ട് ഉയർന്നു ചിന്തിക്കുകയാണ് ബുദ്ധി. എല്ലാ ലേഖകർക്കും അഭിനന്ദനങ്ങൾ.

**-ശിയാസ് മുഹമ്മദ്, നടക്കാവ്**

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

# ബലിപെരുന്നാൾ നൽകുന്ന സന്ദേശം

ഇബ്‌റാഹീം നബിعليه السلاميുടെയും കുടുംബത്തിന്റെയും ത്യാഗോജ്ജ്വലമായ സ്മരണകളുയർത്തിക്കൊണ്ട് ഒരു ഹജ്ജും ബലിപെരുന്നാളുംകൂടി ആഗതമായിരിക്കുകയാണ്. ലോകമുസ്‌ലിംകൾ ഈ വർഷം ബലിപെരുന്നാൾ ആഘോഷിക്കുന്നത് വല്ലാത്തൊരു ആത്മസംഘർഷത്തോടെയാണ്. കാരണം കോവിഡ് എന്ന മഹാമാരി അത്രമാത്രം ലോകത്തെ കീഴടക്കിയിരിക്കുന്നു. പള്ളികളിൽ ജുമുഅ, ജമാഅത്തുകൾ നിർത്തലാക്കിയിട്ട് മാസങ്ങളായി. പലയിടങ്ങളിലും പള്ളികൾ തുറന്നുകൊടുത്തിട്ടുണ്ടെങ്കിലും അത് നിശ്ചിത അംഗങ്ങളിൽ പരിമിതമാണ്. സാഹചര്യമാകട്ടെ കൂടുതൽ ദുഷ്‌കരമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

മുപ്പത് ലക്ഷം വിശ്വാസികളെങ്കിലും പങ്കെടുക്കുന്ന ഹജ്ജ്കർമം ഏതാനും ആയിരം പേരിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ് ഇത്തവണ. ലോകത്തെ എല്ലാ രാഷ്ട്രങ്ങളിൽനിന്നുമായി ഇത്തവണ ഹജ്ജ് ചെയ്യുവാൻ ആഗ്രഹിക്കുകയും അതിനുള്ള മുന്നൊരുക്കം നടത്തുകയും ചെയ്ത ലക്ഷക്കണക്കിനു വിശ്വാസികൾ അതിനുള്ള അവസരം നഷ്ടപ്പെട്ടതിന്റെ നിരാശയിലും സങ്കടത്തിലുമാണ്. അടുത്ത തവണയെങ്കിലും അതിനുള്ള അവസരം അവർക്കു ലഭിക്കട്ടെ എന്ന് പ്രാർഥിക്കാം. അതിനിടയിൽ മരണം സംഭവിക്കുന്നവർക്ക് ഉദ്ദേശ്യശുദ്ധിയനുസരിച്ച് ഹജ്ജിന്റെ പ്രതിഫലം നാഥൻ നൽകുമെന്നതിൽ അവർക്ക് സന്തോഷിക്കാം.

വിശ്വാസത്തിലും ആദർശനിഷ്ഠയിലും അല്ലാഹുവിനോടുള്ള കൂറിലും ഏകദൈവ വിശ്വാസത്തോട് പുലർത്തിയ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയിലുമെല്ലാം ഇബ്‌റാഹീം നബിعليه السلام മനുഷ്യരാശിക്കാകമാനം മാതൃകയാണ്. അല്ലാഹു പറയുന്നു: "സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്‌റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും"(ക്വുർആൻ 2:130).

"നീ കീഴ്‌പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോകരക്ഷിതാവിന് ഞാനിതാ കീഴ്‌പ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇബ്‌റാഹീമും യഅ്ക്വൂബും അവരുടെ സന്തതികളോട് ഇത് (കീഴ്‌വണക്കം) ഉപദേശിക്കുക കൂടി ചെയ്തു..." (ക്വുർആൻ 2:132).

തന്റെ നാഥനെ നിരുപാധികം അനുസരിക്കുകയും അദ്ദേഹത്തിന്റെ കൽപനകൾ അനുസരിക്കുകയും ചെയ്യുന്നതിൽ ഇബ്‌റാഹീംعليه السلام അതുല്യമായ മാതൃകയാണ് കാണിച്ചത്. ഏകദൈവ വിശ്വാസത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സമർപ്പണത്തിലൂടെയാണ് അദ്ദേഹം മാനവകുലത്തിന് മാതൃകയായിത്തീർന്നത്. ഇബ്‌റാഹീം നബിعليه السلاميുടെ മാർഗത്തിന്റെ ഏറ്റവും സുപ്രധാനമായ മേന്മ എന്ത് എന്ന് ക്വുർആൻ വ്യക്തമാക്കുന്നത് കാണുക: "ആകയാൽ ശുദ്ധ മനഃസ്‌കനായ ഇബ്‌റാഹീമിന്റെ മാർഗം നിങ്ങൾ പിന്തുടരുക. അദ്ദേഹം ബഹുദൈവാരാധകരുടെ കൂട്ടത്തിലായിരുന്നില്ല" (3:95).

ഈ മാർഗത്തിൽ ജീവിച്ച് പരലോകവിജയം നേടാൻ ശ്രമിക്കുക എന്നതാണ് ബലിപെരുന്നാൾ നൽകുന്ന സന്ദേശം.

-സി.
mail@nerpatham.com



# അവരുടെ തിരിച്ചുവരവും നമ്മുടെ തിരിച്ചറിവും

'നമ്മുടെ സമരം രോഗികളോടല്ല, രോഗത്തോടാണ്' എന്ന മൊഴി കേൾക്കാത്തവരുണ്ടായിരിക്കുകയില്ല. പക്ഷേ, സമൂഹത്തിൽ കുറച്ചുപേരുടെയെങ്കിലും സമീപനം ഇതിന്നെതിരാണെന്ന് പറയാതെ വയ്യ. വീട്ടിലെ ഒരംഗം ഗൾഫിൽനിന്നെത്തിയിട്ടുണ്ട് എന്ന് ഓഫീസിലേക്ക് ഫോൺവിളി വന്നപ്പോൾ തന്നെ സഹപ്രവർത്തകർക്ക് പലഹാരവിതരണം ചെയ്യേണ്ടിവന്ന അനുഭവം ഓർക്കുന്നു. കാരണം ഗൾഫുകാരന്റെ നാട്ടിലേക്കുള്ള വരവിനെ അത്രമാത്രം മഹാഭാഗ്യമായിട്ടായിരുന്നു ആളുകൾ കണ്ടിരുന്നത്. ഒരു ഗൾഫുകാരൻ നമ്മുടെ കൂടെ സംഘത്തിലുണ്ടെങ്കിൽ വാഹനത്തിന് ടിക്കറ്റെടുക്കേണ്ടതും ഹോട്ടലിൽ ബില്ലടക്കേണ്ടതുമെല്ലാം അവൻ തന്നെ എന്നായിരുന്നു നാട്ടിൻപുറങ്ങളിലെ അലിഖിത നടപ്പുനിയമം. ഒരു കല്യാണമുണ്ടായാൽ സ്വകുടുംബത്തിന്റെയും ബന്ധുക്കളുടെയും ഡ്രസ്സടക്കമുള്ള സകല പത്രാസുകളുടെ ചെലവും ഗൾഫുകാരന്റെമേൽ കെട്ടിവെക്കുമായിരുന്നു. ഒന്നോ രണ്ടോ മാസം കഴിഞ്ഞ് അയാൾ തിരിച്ചുപോകുന്നത് നല്ല ഒരു സംഖ്യ കടവും പേറിയായിരിക്കും!

മഹല്ലു പള്ളിയുടെ വികസനത്തിനു മുതൽ മത സംഘടനകളുടെ മഹാസമ്മേളനങ്ങൾ കൊഴുപ്പിക്കാൻ വരെ ഗൾഫിനെ ആശ്രയിച്ചു നാം. തെരഞ്ഞെടുപ്പിന്റെ ചർച്ച നാട്ടിൽ തുടങ്ങുന്നതിനു മുമ്പുതന്നെ രാഷ്ട്രീയ പ്രചാരണങ്ങളുടെ ബജറ്റ് ഗൾഫുകാർക്ക് നൽകി സ്വീകരണം ഏറ്റുവാങ്ങാൻ ഗർഫിലേക്ക് വിമാനം കയറുന്ന നേതാക്കളും കുറവായിരുന്നില്ല. ജന്മദേശത്തിനോടുള്ള കൂറും സ്നേഹവും നാട്ടിലെ മത,രാഷ്ട്രീയ, സാംസ്കാരിക പ്രവർത്തനങ്ങളോടുള്ള ഗൃഹാതുരത്വവും ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ മരുഭൂമിയിൽ വിയർപ്പൊഴുക്കുന്ന ലേബർക്യാമ്പുകളിലെ പ്രവാസിയെപോലും ധർമിഷ്ടനാക്കി. അവന്റെ ദാനധർമത്തെ ആശ്രയിച്ച് നാട്ടിൽ എല്ലാ രംഗങ്ങളിലും പരിധിവിട്ട ധൂർത്ത് അരങ്ങേറി. ഇപ്പോഴതെല്ലാം കെട്ടടങ്ങിക്കൊണ്ടിരിക്കുകയാണ്. പാവപ്പെട്ടവർക്കു വേണ്ടി ആത്മാർഥമായി സഹായഹസ്തം നീട്ടിയ പ്രവാസികളിൽ നല്ലൊരു ശതമാനവും ഒരു ചോദ്യചിഹ്നമായി നാട്ടിലേക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. നാമവരെ സ്വീകരിക്കണം. അവർ നാട്ടിനും നാട്ടാർക്കും ദാനമായി തന്നത് കടമായി ഗണിച്ച് പ്രത്യുപകാരം ചെയ്യാൻ നാം ഉണരണം.

അലിയ്യുബ്നു അബീത്വാലിബ് ﷺ പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്ന ഒരു പദ്യശകലം ഇങ്ങനെ സംഗ്രഹിക്കാം:

'ഐശ്വര്യമുള്ളപ്പോൾ കൂട്ടുകാരെത്രയോ,
ദുരിതഘട്ടത്തിലോ ശത്രുക്കളെല്ലാരും!
കൺവട്ടത്തിലെല്ലാരും പുഞ്ചിരിതൂകുന്നു,
കാണാമറയത്തോ പല്ലിറുമ്മീടുന്നു!'

കോവിഡിന്റ വ്യാപനവും പ്രവാസികളുടെ മടക്കവും ചേർത്തുവെച്ച് സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിക്കുന്ന ട്രോളുകളും ഹാസ്യഡോക്യുമെന്ററികളും കാണുമ്പോൾ ഈ പദ്യശകലത്തിന്റെ പൊരുൾ ഓർമവരുന്നു. എത്ര വലിയ നന്ദികേടാണിത്!

പ്രവാസത്തിന്റെ സമൃദ്ധിയിൽ വേണ്ടത്ര ഭാവി വിചാരമില്ലാതെ വലിയ വീടുവെച്ച് അതിനുള്ളിൽ അന്നത്തിന് വകയില്ലാതെ കഷ്ടപ്പെടുന്നവരുണ്ട് നമുക്ക് ചുറ്റും. കിട്ടുന്നതുകൊണ്ട് മാന്യമായി കാലംകഴിച്ച്, അഭിമാനികളായി ഉള്ളിലിരിക്കുന്നവരുമുണ്ട്. ഇവരെയാക്കെ തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

അവരൊക്കെ ഗൾഫിൽ ജോലി ചെയ്തിരുന്നതുകൊണ്ട് നേരിട്ടും അല്ലാതെയും സമൃദ്ധി നാട്ടിലും വീടുകളിലുമുണ്ടായിരുന്നു. ആ കാലം ഇനി തിരിച്ചുവരുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ പരിധിവിട്ട ഉപഭോഗസംസ്കാരവും ധൂർത്തിലമർന്ന ജീവിതശൈലികളും മാറ്റാൻ നാം സ്വയം തീരുമാനിക്കണം. കോവിഡാനന്തര സമൂഹത്തിൽ പുതിയ ഒരു സാമ്പത്തിക അച്ചടക്കവും സ്വത്വബോധവും നാം നേടേണ്ടതുണ്ട്. കിട്ടിവന്ന സുഖഭോഗങ്ങളിൽ മതിമറന്നുജീവിക്കുന്ന ഇളംതലമുറയെ പുതിയ സാമൂഹ്യ വെല്ലുവിളികൾ നേരിടാൻ നാം പാകപ്പെടുത്തേണ്ടതുണ്ട്. മത, സാമൂഹ്യ, രാഷ്ട്രീയ രംഗത്തുള്ളവർ യാഥാർഥ്യബോധത്തോടെ കാര്യങ്ങൾ കൈകാര്യം ചെയ്യണം. ●

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com

ലേഖനം



# ജീവകാരുണ്യപ്രവർത്തനങ്ങൾ; വിവാദങ്ങൾ കടന്നുവരുന്നത് സൂക്ഷിക്കണം

സമൂഹത്തിൽ പലകാരണങ്ങളാൽ പാർശ്വവൽകരിക്കപ്പെട്ടവരും പ്രയാസമനുഭവിക്കുന്നവരും ധാരാളമുണ്ട്. എത്രയെത്ര നീറുന്ന പ്രശ്നങ്ങളാണ് നമുക്ക് ചുറ്റുമുള്ള അനേകർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്! ആകാശത്ത് മേഘങ്ങൾ ഉരുണ്ടുകൂടുമ്പോൾ ചോർന്നൊലിക്കുന്ന അനേകം കൂരകളിൽ ആശങ്കയുടെ കാർമേഘം കനത്തുനിൽക്കുന്നുണ്ട്. പുറത്തു കാറ്റടിക്കുമ്പോൾ പിഞ്ചോമനകളെയോർത്ത് എത്രയോ മാതാപിതാക്കളുടെ മനസ്സിനകത്ത് കൊടുങ്കാറ്റ് ഉയരുന്നുണ്ട്. ടാർപോളിൻ ഷീറ്റ് വലിച്ചുകെട്ടി അതിനകത്ത് ചുരുണ്ടുകൂടിക്കഴിയുന്ന പാവപ്പെട്ട മനുഷ്യർക്ക് ശക്തമായ മഴയും കാറ്റും വരുമ്പോൾ എങ്ങനെ മനസ്സമാധാനം ലഭിക്കും?

മാരകരോഗങ്ങൾക്ക് അടിമപ്പെട്ട് ജോലിചെയ്യാനാവാതെ കഴിഞ്ഞുകൂടുന്നവർ, പരിചരിക്കാൻ ആരുമില്ലാതെ പ്രയാസപ്പെടുന്ന വൃദ്ധജനങ്ങൾ; കിഡ്നി, കരൾ രോഗങ്ങളാലും കാൻസറിന്റെ പിടിയിലമർന്നും വേദനതിന്നും ചികിത്സാചെലവിനു വകകാണാതെ പകച്ചുനിൽക്കുന്നവർ... ഇങ്ങനെ നിസ്സഹായതയുടെ എത്രയെത്ര നെടുവീർപ്പുകളാണ് സമൂഹത്തിൽനിന്ന് ഉയർന്നുകേൾക്കുന്നത്! ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി മുന്നിട്ടിറങ്ങുന്നവർ ജീവകാരുണ്യത്തിന്റെ ജ്വലിക്കുന്ന ഏടുകളാണ്. അവർ ചെയ്യുന്ന സേവനത്തെ ഒട്ടും വില കുറച്ചു കണ്ടുകൂടാ.

ചാരിറ്റിപ്രവർത്തനം സോഷ്യൽ മീഡിയയിലൂടെ വൻതോതിൽ നടക്കുന്നതിനാൽ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നാണ് വർത്തമാനകാലം നമ്മോട് ആവശ്യപ്പെടുന്നത്. സോഷ്യൽ മീഡിയയിൽ ഒരു വീഡിയോ പോസ്റ്റ് ചെയ്യുന്നതിലൂടെ പരിഹാരം അസാധ്യമെന്നു കരുതുന്ന പല പ്രശ്നങ്ങൾക്കും പെട്ടെന്ന് പരിഹാരമുണ്ടാക്കാൻ പലർക്കും സാധിക്കുന്നുണ്ട്. തകർന്നുപോയ പലരെയും ജീവിതത്തിലേക്കു തിരിച്ചുനടത്താൻ ഇതു കാരണമായിട്ടുണ്ട്. ഈ സൽപ്രവർത്തനം അഭംഗുരം തുടരേണ്ടതുണ്ട്. അതോടൊപ്പം ചില മുൻകരുതലുകൾ ഇക്കാര്യത്തിൽ സ്വീകരിക്കുകയും വേണം.

സ്വയംകൃതാനർഥങ്ങളുടെ ഫലമായി സാമ്പത്തികമായി തകർന്നുപോകുന്ന ചിലർ സമൂഹത്തിലുണ്ട്;ആർഭാടജീവിതം നയിച്ചും ധൂർത്തടിച്ചും കടക്കെണിയിലകപ്പെടുന്നവർ. അനാവശ്യ ചെലവുകൾക്കായി പലിശക്ക് കടംവാങ്ങി ജീവിതം വഴിമുട്ടി നിൽക്കുന്നവരുടെ എണ്ണവും കുറവല്ല. ഉള്ളതെല്ലാം വിറ്റുതുലച്ച്, യാതൊരു തത്ത്വദീക്ഷയുമില്ലാതെ ജീവിച്ച് ദുരന്തങ്ങൾ സ്വയം ഏറ്റുവാങ്ങുന്നവരും ഏറെയുണ്ട്. ഇത്തരക്കാർ അവരുടെ മനോ

ഭാവത്തിലും ജീവിത കാഴ്ചപ്പാടിലും മാറ്റംവരുത്താത്തപക്ഷം ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതിലൂടെ പ്രശ്നപരിഹാരം സാധ്യമാകില്ല. അത് അവരുടെ വഴിവിട്ട ജീവിതത്തിന് വളം വെക്കലാവുകയും ചെയ്യും.

അഭിമാനക്ഷതമോർത്ത് സ്വന്തം പ്രയാസങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നവരാണ് മറ്റൊരു വിഭാഗം. ഇവർക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. ഉള്ളതെല്ലാം വിറ്റുപെറുക്കി ചികിത്സിച്ചിട്ടും അസുഖം ഭേദമാകാത്ത, ലക്ഷങ്ങൾ ഇനിയും ചെലവഴിക്കുകയാണെങ്കിൽ ഭേദം പ്രതീക്ഷിക്കുന്നവർ; കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്നവർ... ഇങ്ങനെ ന്യായമായും സമൂഹത്തിന്റെ ശ്രദ്ധയും സഹായവും അർഹിക്കുന്നവരെ കണ്ടെത്തുകയും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യൽ അനിവാര്യമാണ്. ഇങ്ങനെയുള്ള ധാരാളം പേരുടെ പ്രയാസങ്ങൾ പരിഹരിക്കുവാൻ ഓൺലൈൻ ചാരിറ്റി പ്രവർത്തനം നടത്തുന്നവർക്ക് അടുത്തകാലത്തായി കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

പാവങ്ങളെ സഹായിക്കുന്നതിനായി സോഷ്യൽ മീഡിയയിൽ ലൈവ് ചെയ്യുന്നവർ ഏറെ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ തുടങ്ങിയ ചാരിറ്റി പ്രവർത്തനം പിന്നീട് സ്വന്തം താൽപര്യസംരക്ഷണത്തിന് ഉപയോഗിക്കുന്ന സാഹചര്യത്തിലേക്ക് വഴിതിരിഞ്ഞുപോകരുത്. സാമ്പത്തിക വിനിമയം നിലവിലുള്ള നിയമം പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തണം. അങ്ങാടികളിൽ പാട്ടുപാടിയും അനൗൺസ്മെന്റ് ചെയ്തുമുള്ള പിരിവുകൾ വ്യാജൻമാർക്ക് കയറിവരാൻ പഴുതുകൾ തുറന്നുവെക്കുന്നതാണ്. വാഹനം തടഞ്ഞുനിർത്തിയുള്ള പിരിവ് പിടിച്ചുപറിയുടെ മറ്റൊരു മുഖമാണ് എന്നു പറയേണ്ടിയിരിക്കുന്നു.

യാതൊരു തത്ത്വദീക്ഷയുമില്ലാതെ സോഷ്യൽ മീഡിയയിൽ ലൈവ് നൽകിയുള്ള പിരിവ് വർധിക്കുമ്പോൾ സത്യസന്ധമായി കാര്യങ്ങൾ നിർവഹിക്കുന്നവർ കൂടി സംശയത്തിലാകുമെന്നത് ഓർക്കണം. അർഹരായ നിരവധിയാളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകാൻ ഈ രംഗത്തുണ്ടാകുന്ന ഒരൊറ്റ വിവാദം മതിയാകും. ചാരിറ്റിരംഗത്ത് നിസ്വാർഥമായും സുതാര്യമായും ഇടപെടുന്നവരെ സംരക്ഷിക്കാനും അവരുടെ ആത്മവിശ്വാസം ചോർത്തുന്നവർക്കെതിരെ നിലകൊള്ളാനും ശ്രമിക്കുന്നതോടൊപ്പം, ചാരിറ്റിയെ മറയാക്കി സ്വാർഥ താൽപര്യങ്ങൾ സംരക്ഷിക്കുന്നവരെ തിരിച്ചറിയാനും സമൂഹത്തിനു സാധിക്കണം.

ചാരിറ്റി പ്രവർത്തനങ്ങൾക്ക് നിയതമായ മാർഗനിർദേശങ്ങൾ ഉണ്ടാകേണ്ടതുണ്ട്. യഥാസമയം സഹായമെത്തിക്കാൻ നിയമങ്ങളുടെ സാങ്കേതിക കുരുക്കുകൾ തടസ്സമാവുകയും ചെയ്യരുത്. ചികിത്സ തീരുമാനിക്കുന്ന വിഷയത്തിലും സമൂഹത്തിന് കൃത്യമായ ബോധവൽക്കരണം അനിവാര്യമാണ്. ഗവൺമെന്റ് ആശുപത്രികളിൽനിന്ന് വലിയ ചെലവില്ലാതെ നിർവഹിക്കാവുന്ന ചികിത്സകൾ സ്വകാര്യ ആശുപത്രിയിലെത്തിച്ചു വമ്പിച്ച സാമ്പത്തിക ബാധ്യത വരുത്തിവെക്കുന്ന സാഹചര്യമുണ്ടാകരുത്. വലിയ ചെലവുള്ള ഓപ്പറേഷൻ തീരുമാനിക്കുന്നതിനും തികഞ്ഞ ആലോചന ആവശ്യമാണ്.

രോഗിയുടെ ദൈന്യതയിൽ മനംനൊന്ത് ആർദ്രതയുള്ള മനസ്സുകൾ നൽകുന്ന സംഭാവനകൾ ആരോഗ്യമേഖലയിലെ കച്ചവടതാൽപര്യത്തിന്റെ റിക്രൂട്ടിങ് ഏജൻസികളായി മാറാൻ അനുവദിച്ചുകൂടാ.ചാരിറ്റിരംഗത്ത് പ്രാദേശികമായ ഉണർവും കൃത്യമായ ബോധവൽക്കരണവും നടക്കേണ്ടതുണ്ട്. ഒരു പ്രദേശത്തെ പ്രശ്നം അവിടുത്തുകാർ തന്നെ പരിഹരിക്കുന്ന സാഹചര്യം ഉണ്ടാകണം. മാധ്യമങ്ങളിൽ ദയനീയമായ വാർത്തകളുമായി പടം പ്രത്യക്ഷപ്പെടുമ്പോൾ മാത്രമാണ് തങ്ങളുടെ പ്രദേശത്ത് ഇങ്ങനെയൊരു കുടുംബമുണ്ടെന്ന തിരിച്ചറിവ് പലർക്കും ഉണ്ടാകുന്നത്. സന്നദ്ധസംഘടനകളുടെയും മഹല്ല് കമ്മിറ്റിയുടെയുമെല്ലാം സജീവ സാന്നിധ്യമുള്ള ഒരു പ്രദേശത്തെ പ്രശ്നം ദൂരദേശത്തുള്ള ഒരാൾ ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടാകുന്നത് ആ പ്രദേശത്തുകാർക്ക് അപമാനമാണ്. അവർക്ക് ചെയ്യാവുന്നത് ചെയ്തിട്ടും എത്തിക്കൂടാത്തതാണെങ്കിൽ മാത്രം പുറമെനിന്നുള്ള സഹായം തേടുന്നതായിരിക്കും നല്ലത്. സ്വന്തം പ്രദേശത്തുകാർ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അനർഹരുടെ കടന്നുകയറ്റം ചെറുക്കാൻ സാധിക്കുകയും ചെയ്യും.

സഹായം സ്വീകരിക്കുന്നവർ തങ്ങളുടെ കാര്യം സാധിച്ചുകഴിഞ്ഞാൽ സഹായിച്ചവരെയും അതിനു കഠിനാധ്വാനം ചെയ്ത ചാരിറ്റി പ്രവർത്തകരെയും തള്ളിപ്പറയുകയും അപമാനിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണത മിതമായി പറഞ്ഞാൽ നന്ദികേടാണ്. തന്റെ ആവശ്യത്തിൽ കവിഞ്ഞ പണം അക്കൗണ്ടിൽ എത്തിയാൽ സമാന പ്രശ്നമുള്ളവർക്ക് നൽകാൻ മനസ്സ് പാകപ്പെടാതെ പോകുന്നത് നല്ല പ്രവണതയല്ല. പണംകണ്ട് പാറിവരുന്ന, ഇതുവരെയും തിരിഞ്ഞുനോക്കാത്ത 'ബന്ധുക്കൾ' ബാങ്ക് ബാലൻസിന്റെ രക്ഷാധികാരികളായി രംഗത്തുവരികയും ഉപദേശികളായി മാറുകയും ഉപജാപകവൃന്ദം രൂപപ്പെടുകയും ചെയ്യുന്നതിലെ 'ഉദ്ദേശ്യശുദ്ധി' സഹായം സ്വീകരിച്ചവർ തിരിച്ചറിയേണ്ടതുണ്ട്. രാഷ്ട്രീയ പകപോക്കലുകൾക്കായി ചാരിറ്റി പ്രവർത്തനങ്ങളെ എതിർക്കുന്നതും പ്രവർത്തകരെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നതും ലജ്ജാകരമാണ്. അതീവ ജാഗ്രതയോടെയാകട്ടെ ജീവകാരുണ്യ പ്രവർത്തനം.




## നേർപഥം ഓൺലൈൻ ക്വിസ് ലക്കം 184 - ചോദ്യങ്ങൾ

1) "വല്ലവനും അല്ലാഹുവിന് വേണ്ടി ഹജ്ജ് ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ട് അവൻ തിരിച്ചുവരും എന്ന് നബിﷺ പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി" (ബുഖാരി). ഇത് പറയുന്ന സ്വഹാബി ആര്?

*ഉത്തരം: (1) അബൂഹുറയ്റ(رضي الله عنه) (2) ഇബ്നു മസ്ഊദ്(رضي الله عنه) (3) ഉസ്മാനുബ്നു അഫ്ഫാൻ(رضي الله عنه)*

2) ഇന്ത്യയിൽനിന്നും ഈ വർഷം ഹജ്ജിനായി എത്ര പേർക്കാണ് അനുമതി ലഭിച്ചിരുന്നത്?

*ഉത്തരം: (1) 5 ലക്ഷം (2) 3 ലക്ഷത്തോളം (3) 2.3 ലക്ഷത്തോളം*

3) "മുമ്പ് ധിക്കരിക്കുകയും കുഴപ്പക്കാരിൽ പെടുകയും ചെയ്തിട്ട് ഇപ്പോഴാണോ? (നീ വിശ്വസിക്കുന്നത്)" (10:91). അല്ലാഹു ഇത് ആരോടാണ് ചോദിക്കുന്നത്?

*ഉത്തരം: (1) ഖാറൂനിനോട് (2) ഫിർഔനിനോട് (3) ജാലൂത്തിനോട്*

4) 'അല്ലാഹുവിന്റെ തിരുദൂതരേ, താങ്കൾക്കുനേരെ രോഷം കാണിക്കപ്പെടുമോ?" ഇത് ആരുടെ ചോദ്യമാണ്?

*ഉത്തരം: (1) ഉമർ(رضي الله عنه) (2) അബുദ്ദർദാഅ്(رضي الله عنه) (3) ഇബ്നു ഉമർ(رضي الله عنه)*

5) നബിﷺ പറഞ്ഞു: "മോനേ, ഞാൻ നിനക്ക് ചിലകാര്യങ്ങൾ പഠിപ്പിച്ചുതരാം. നീ അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുക. അല്ലാഹു നിന്നെ കാത്തുസംരക്ഷിക്കും. നീ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ച് ജീവിക്കുക. അവനെ നിനക്കു മുമ്പിൽ സമാശ്വാസമായി കണ്ടെത്താം..." നബിﷺ ഇത് ആരോടാണ് പറയുന്നത്?

*ഉത്തരം: (1) അനസി(رضي الله عنه)നോട് (2) ഉസാമ(رضي الله عنه)യോട് (3) ഇബ്നു അബ്ബാസി(رضي الله عنه)നോട്*

6) വിശുദ്ധ ക്വുർആൻ 51:22ൽ പറഞ്ഞതിന്റെ വിവക്ഷ ('ആകാശത്തുനിന്ന് നിങ്ങൾക്കുള്ള ഉപജീവനവും നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്) .......ആണെന്നതിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പില്ല.

*ഉത്തരം: (1) മന്ന (2) സൽവ (3) മഴ*

7) 'ഐശ്വര്യമുള്ളപ്പോൾ കൂട്ടുകാരെത്രയോ, ദുരിതഘട്ടത്തിലോ ശത്രുക്കളെല്ലാരും! കൺവട്ടത്തിലെല്ലാരും പുഞ്ചിരി തൂകുന്നു, കാണാമറയത്തോ പല്ലിറുമ്മീടുന്നു!' ഈ പദ്യശകലം ആരുടെതാണ്?

*ഉത്തരം: (1) ഇമാം ശാഫിഈ(റഹി) (2) ഹസ്സാനുബ്നു സാബിത്(رضي الله عنه) (3) അലിയ്യുബ്നു അബീത്വാലിബ്(رضي الله عنه)*

8) അല്ലാഹു പറഞ്ഞു: "അങ്ങനെ തന്നെയാകുന്നു; താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം ഉദ്ദേശിച്ചുകഴിഞ്ഞാൽ അതിനോട് 'ഉണ്ടാകു' എന്ന് പറയുക മാത്രം ചെയ്യുന്നു, അപ്പോൾ അതുണ്ടാകുന്നു" ഇത് സൂറത്തിലെ എത്രാമത്തെ ആയത്താണ്?

*ഉത്തരം: (1) 37:4 (2) 47:3 (3) 3:47*

9) അല്ലാഹു കടൽകടത്തി രക്ഷപ്പെടുത്തിയ ജനവിഭാഗം?

*ഉത്തരം: (1) ബനൂഇസ്റാഈൽ (2) ഖിബ്ത്തി (3) ഖസ്റജ്*

10) "നീ കീഴ്പെടുക എന്ന് അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് പറഞ്ഞപ്പോൾ സർവലോകരക്ഷിതാവിന് ഞാനിതാ കീഴ്പ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു..." (ക്വുർആൻ 2:132). ആര്?

*ഉത്തരം: (1) മൂസാ(عليه السلام) (2) ദാവൂദ്(عليه السلام) (3) ഇബ്റാഹീം(عليه السلام)*

മത്സരസംബന്ധമായ വിശദവിവരങ്ങൾക്ക് നേർപഥം പേജ് 35 നോക്കുക



കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# മനുഷ്യൻ ക്വുർആനിൽ

**പ്രപഞ്ചത്തിന്റെ ചരിത്രം മനുഷ്യനെന്ന സൃഷ്ടിയെ ചുറ്റിപ്പറ്റിയാണ് രൂപപ്പെട്ടത്. ലോകത്തിന്റെ ഉത്ഥാനപതനം മനുഷ്യജീവിതത്തെ ആശ്രയിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. വേദങ്ങളും ദൂതന്മാരും അവന്നുവേണ്ടിയാണ് അവതീർണമായത്. അക്ഷരവിദ്യയും പേനയും പഠനവും പ്രചാരണവും മനുഷ്യർക്കുമാത്രമുള്ളതാണ്. ഈ ദൃശ്യപ്രപഞ്ചത്തിന്റെ ഘടനതന്നെ മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്നു. എങ്കിൽ എന്താണ് മനുഷ്യൻ? എന്തിനാണ് അവൻ സൃഷ്ടിക്കപ്പെട്ടത്? എന്താണ് അവന്റെ ജീവിതലക്ഷ്യം?**

മനുഷ്യൻ എത്ര ഉൽകൃഷ്ടനായ സൃഷ്ടിയാണ്! പ്രകാശംകൊണ്ട് സൃഷ്ടിക്കപ്പെട്ട മലക്കുകളുടെയും തീയിനാൽ സൃഷ്ടിക്കപ്പെട്ട ജിന്നുകളുടെയും ശേഷമാണ് മണ്ണിനാൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് എന്നു ക്വുർആനിൽ നിന്നും ഗ്രഹിക്കാം. 'മുട്ടിയാൽ മുഴക്കമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണിൽ നിന്ന് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചു' എന്ന് ക്വുർആനിൽ (55:14) കാണാം.

'മനുഷ്യന്റെ സൃഷ്ടി കളിമണ്ണിൽ നിന്നും അവൻ ആരംഭിച്ചു' (32:7) എന്നും, 'നിങ്ങളെ നാമാണ് മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽനിന്നും അനന്തരം രൂപംനൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്...''(22:5) എന്നുമൊക്കെ അല്ലാഹു വിവിധ സൂക്തങ്ങളിലായി മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച് വിവരിച്ചിട്ടുണ്ട്.

മനുഷ്യനെ സൃഷ്ടിക്കുവാനുള്ള അല്ലാഹുവിന്റെ തീരുമാനവും അക്കാര്യത്തെപ്പറ്റി മലക്കുകളുമായുള്ള സംസാരവും, മനുഷ്യസൃഷ്ടിപ്പു പൂർത്തിയായ ശേഷം അവനു ജ്ഞാനം നൽകിയതും പിന്നീട് മലക്കുകളോട് ആദ്യമനുഷ്യനെ പ്രണമിക്കാൻ കൽപിച്ചതും, അവർ അത് അനുസരിച്ചതും അദൃശ്യലോകത്തെ മറ്റൊരു സൃഷ്ടിയായ ജിന്നുവർഗത്തിൽപെട്ട ഇബ്‌ലീസ് പ്രണമിക്കാൻ വിസമ്മതിച്ചതും ക്വുർആനിൽ അല്ലാഹു വെളിപ്പെടുത്തിയിട്ടുണ്ട്. ആദ്യമനുഷ്യനിൽനിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിച്ചുവെന്നും ഇണകൾ തമ്മിലെ കൂടിച്ചേരൽ മുഖേന സ്രവിക്കപ്പെടുന്ന ബീജത്തിൽനിന്നും പിന്നീട് മനുഷ്യതലമുറകൾ ഉണ്ടായി എന്നുമാണ് ക്വുർആൻ വെളിപ്പെടുത്തുന്നത്. അങ്ങനെ തലമുറകളായി ജനിച്ചുവളർന്ന മനുഷ്യന്ന് തന്റെ സൃഷ്ടിയുടെ ആരംഭത്തെക്കുറിച്ച് ഒന്നുമറിയില്ല എന്നത് പറയേണ്ടതില്ലല്ലോ.

പരമസൂക്ഷ്മവും സ്ഥൂലവുമായ അസംഖ്യം അസ്തിത്വങ്ങൾ, കോടാനുകോടി ജീവജാലങ്ങൾ, വായു, വെള്ളം, വെളിച്ചം, താപം തുടങ്ങിയ പദാർഥങ്ങൾ... എല്ലാം മനുഷ്യനുവേണ്ടിയാണ് സൃഷ്ടിച്ചത് എന്ന് അല്ലാഹു പറയുന്നു:

“അവനാണ് നിങ്ങൾക്കുവേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചിട്ടുള്ളത്”(2:29). ഈ ഭൗമ വിഭവങ്ങളെ ഏതൊക്കെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും പാടില്ലാത്തത് ഏതെല്ലാമാണെന്നും ഭൂമിയിലേക്ക് മനുഷ്യനെ ജീവിക്കാനയച്ചപ്പോൾ അവൻ മാർഗദർശനം നൽകിയിട്ടുമുണ്ട്:

“സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്തവൻ. വ്യവസ്ഥ നിർണയിച്ചു മാർഗദർശനം നൽകിയവൻ”(87:2-3).

പ്രപഞ്ചത്തിന്റെ ചരിത്രം മനുഷ്യനെന്ന സൃഷ്ടിയെ ചുറ്റിപ്പറ്റിയാണ് രൂപപ്പെട്ടത്. ലോകത്തിന്റെ ഉത്ഥാനപതനം മനുഷ്യജീവിതത്തെ ആശ്രയിച്ചാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. വേദങ്ങളും ദൂതന്മാരും അവന്നുവേണ്ടിയാണ് അവതീർണമായത്. അക്ഷരവിദ്യയും പേനയും പഠനവും പ്രചാരണവും മനുഷ്യർക്കുമാത്രമുള്ളതാണ്. ഈ ദൃശ്യപ്രപഞ്ചത്തിന്റെ ഘടനതന്നെ മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്നു.

കാഴ്ചശക്തി, കേൾവി, കായികശേഷി എന്നീ കാര്യങ്ങളിൽ പ്രപഞ്ചത്തിലെ ഇതര സൃഷ്ടിഗണങ്ങളിൽ പലതിന്റെയും പിന്നിലാണ് മനുഷ്യൻ. എന്നാൽ നക്ഷത്രസമൂഹങ്ങൾ മുതൽ പരമാണുക്കൾ വരെയുള്ള വസ്തുക്കളെയും സസ്യ, ജന്തുജാലങ്ങളെയും കടലിനെയും കരയെയും വായുവിനെയും പഠിക്കാനും തന്റെ നിലനിൽപിന്നുവേണ്ടി കീഴ്പ്പെടുത്താനുമുള്ള ശേഷി സ്രഷ്ടാവ് മനുഷ്യന്നാണ് പ്രത്യേകം നൽകിയത്. പക്ഷേ, സ്രഷ്ടാവിന്റെ കൽപന പ്രകാരം, ദൃഷ്ടിഗോചരമല്ലാത്ത സൂക്ഷ്മാണുക്കളുടെ മുമ്പിൽ ചിലപ്പോൾ അവന്ന് പഞ്ചപുഛമടക്കി തോറ്റുകൊടുക്കേണ്ടിവരാറുമുണ്ട്. അതെ, മനുഷ്യൻ മഹാശക്തനാണ്. അതോടൊപ്പം തന്റെ സ്രഷ്ടാവിന്റെ കൽപനക്കു മുമ്പിൽ അവൻ അതീവദുർബലനുമാണ്.

അത്ഭുതങ്ങളുടെ കലവറയായ മനുഷ്യനാണ് വിശുദ്ധ ക്വുർആനിന്റെ മുഖ്യ പരാമർശ വിഷയം. മനുഷ്യൻ ആര്? ഉൽഭവം എങ്ങനെ? എന്തിന്നു സൃഷ്ടിക്കപ്പെട്ടു? അവന്റെ സവിശേഷതയെന്ത്? എത്രത്തോളം? എന്താണവന്റെ പര്യവസാനം? ഇതര ജന്തുവർഗങ്ങളെപ്പോലെ ജനിച്ചുവളർന്ന് തിന്നും കുടിച്ചും പ്രജനനം നടത്തിയും ഒടുങ്ങേണ്ടവനാണോ മനുഷ്യൻ? അതല്ല, വല്ല ദൗത്യവും ഈ ജീവിതകാലത്തിനിടക്ക് അവൻ നിർവഹിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?... എന്നിങ്ങനെയുള്ള കാര്യങ്ങളെ പറ്റി ചിന്തിപ്പിക്കുകയാണ് ക്വുർആനിലൂടെ അല്ലാഹു ചെയ്യുന്നത്.

‘ഹേ; മനുഷ്യാ! ഉദാരനായ നിന്റെ രക്ഷിതാവിന്റെ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞതെന്താണ്? നിന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും നിന്നെ ശരിയായ അവസ്ഥയിലാക്കുകയും താനുദ്ദേശിച്ച രൂപത്തിൽ നിന്നെ സംഘടിപ്പിക്കുകയും ചെയ്തവനത്രെ അവൻ” (82:6-8).



## മനുഷ്യന്റെ ജനനവും പ്രകൃതവും

സ്വയം ആഗ്രഹിച്ചിട്ടല്ല മനുഷ്യൻ ഇവിടെ എത്തിപ്പെട്ടത്. ഇതിനുമുമ്പ് താൻ എവിടെ, എന്തായിരുന്നു എന്നതിനെക്കുറിച്ച് അവനറിഞ്ഞുകൂടാ.

"നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്നും നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചയും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി"(16:78).

"മനുഷ്യൻ പറയപ്പെടാവുന്ന ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെമേൽ കഴിഞ്ഞുപോയിട്ടില്ലേ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അവനെ നാം പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു" (76:1,2).

മനുഷ്യന്റെ ജനനം ഭ്രൂണാവസ്ഥയിൽതന്നെ തടയുന്ന അവസ്ഥ എക്കാലത്തുമുണ്ടായിരുന്നു. ജനിച്ച ശേഷം വേണ്ടെന്നുവെച്ച് ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരുന്നു. ജന്മശിശുവിനെ ചിലർ ഉപേക്ഷിച്ചിട്ടുപോകുന്നു. ജനിക്കേണ്ടിയിരുന്നില്ലെന്ന് കരുതി ചിലർ ആത്മഹത്യചെയ്യുന്നു. പലരും മരണം കൊതിച്ച് ജീവിച്ചു തീർക്കുന്നു. എന്നാൽ അല്ലാഹു ഉദ്ദേശിച്ചവരൊക്കെ, ഉദ്ദേശിച്ചതൊക്കെ ഇവിടെ ഉണ്ടാവുകതന്നെചെയ്യും. അത് മനുഷ്യരുടെ ഇഷ്ടം നോക്കിയല്ല; ആർക്കും അത് തടയാനുമാവില്ല.

അല്ലാഹു പറഞ്ഞു: "അങ്ങനെ തന്നെയാകുന്നു; താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം ഉദ്ദേശിച്ചുകഴിഞ്ഞാൽ അതിനോട് 'ഉണ്ടാകൂ' എന്ന് പറയുക മാത്രം ചെയ്യുന്നു, അപ്പോൾ അതുണ്ടാകുന്നു" (3:47)


മനുഷ്യർക്കിടയിലെ വൈജാത്യങ്ങളും വൈവിധ്യങ്ങളും സ്രഷ്ടാവിന്റെ തീരുമാനത്തിന്റെ ഭാഗമാണ്. എന്നാൽ മനുഷ്യരിൽ ചിലർ ചിലരെ ഉന്നതരും ചിലരെ അധമരും താഴ്ന്നവരുമൊക്കെയായി കാണുന്നതും കണക്കാക്കുന്നതും നാം കാണുന്നു. ഇത് ഇസ്‌ലാം അംഗീകരിക്കുന്നില്ല.

നാമറിയാത്ത അവസ്ഥയിൽനിന്ന്, നിനയ്ക്കാതെ തന്നെ നാമുണ്ടായി. ആണായി പിറന്നവരും പെണ്ണായി പിറന്നവരും അവരുടെ ഇംഗിതത്തിനനുസരിച്ചല്ല ആണായതും പെണ്ണായതും. അല്ലാഹു പറയുന്നു:

"അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ നൽകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺമക്കളെയും നൽകുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (42:49-50).

## മനുഷ്യന്റെ ശകുനം അവന്റെ കഴുത്തിൽ തന്നെ

ജനിച്ചവർ ജീവിതത്തെ അഭിമുഖീകരിക്കണം. മനുഷ്യജീവിതത്തിലെ വിജയപരാജയങ്ങൾക്കുത്തരവാദി മനുഷ്യൻ തന്നെയാണ്. അല്ലാഹുവിന്റെ വിധിയാണ് എന്നു പറഞ്ഞ് ഉത്തരവാദിത്തത്തിൽ നിന്ന് ആർക്കും ഒഴിഞ്ഞുമാറാൻ പറ്റില്ല. സർവജ്ഞനും സ്രഷ്ടാവും അന്തിമവിധിയുടെ ഉടമസ്ഥനും അല്ലാഹു തന്നെയാണ്. ഓരോ മനുഷ്യന്റെയും പര്യവസാനം നന്മയോ തിന്മയോ എന്ന് അല്ലാഹു അറിയുന്നു. എന്നാൽ അതെന്തായിരിക്കുമെന്ന് അവൻ മനുഷ്യനെ അറിയിച്ചിട്ടില്ല. നേരെമറിച്ച്, അല്ലാഹു പറഞ്ഞിരിക്കുന്നത് മനുഷ്യൻ വിശ്വസിച്ച് സൽകർമങ്ങൾ പ്രവർത്തിക്കണമെന്നാണ്. എങ്കിൽ സ്വർഗമുണ്ട്. തിന്മകൾ ചെയ്യരുത്, അപ്പോൾ നരകശിക്ഷ ലഭിക്കും. തന്റെ പ്രവൃത്തി നല്ലതോ ചീത്തയോ എന്ന് തീരുമാനിക്കാനും അത് ചെയ്യാനും മനുഷ്യന് സ്രഷ്ടാവ് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അപ്പോൾ അല്ലാഹു വിധിച്ചതല്ല പ്രശ്നം, മനുഷ്യന്റെ ഇംഗിതങ്ങളാണ്.



“ഓരോ മനുഷ്യനും അവന്റെ ശകുനം അവന്റെ കഴുത്തിൽ തന്നെ നാം ബന്ധിപ്പിച്ചിരിക്കുന്നു. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ഒരു ഗ്രന്ഥം നാമവന്ന് വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻകണ്ടെത്തും. നീ നിന്റെ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെ സംബന്ധിച്ചിടത്തോളം കണക്ക് നോക്കാൻ ഇന്ന് നീതന്നെ മതി (എന്ന് അവനോട് അന്ന് പറയപ്പെടും)” (17:13-14).

“അല്ലാഹു അവരോട് ദ്രോഹം കാണിച്ചിട്ടില്ല. പക്ഷേ, അവർ സ്വന്തത്തോട് തന്നെ ദ്രോഹം ചെയ്യുകയായിരുന്നു” (3:117).

## മനുഷ്യൻ: ബഹുമുഖ പ്രകൃതം

മനുഷ്യസൃഷ്ടിപ്പിലെ രണ്ടു വിരുദ്ധഭാവങ്ങളെപ്പറ്റി അല്ലാഹു പറഞ്ഞിരിക്കുന്നു: “തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് അവനെ നാം അധമരിൽ അധമനാക്കിത്തീർത്തു” (95:4-5).

“തീർച്ചയായും ആദംസന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു” (17:70).

ഈ ഔന്നത്യവിചാരം മനുഷ്യനെ തന്റെ വാക്കിലും പ്രവൃത്തിയിലും ശ്രേഷ്ഠമായത് തെരഞ്ഞെടുക്കാൻ കാരണമാക്കും; അധമ വികാര, വിചാരങ്ങളിൽനിന്ന് മോചിതനാകാൻ പ്രേരിപ്പിക്കുകയുംചെയ്യും. മാത്രമല്ല, അധമത്വം മനുഷ്യരെ മൃഗത്തെക്കാൾ നീചനാക്കുമെന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്:

“ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളംപേരെ നാം നരകത്തിന്നുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല, അവർക്ക് കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല, അവർക്ക് കാതുകളുണ്ട്; അവയുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല, അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ” (7:179).

## മനുഷ്യൻ ഉൽകൃഷ്ടൻ

മനുഷ്യന്റെ ഉൽകൃഷ്ട ഗുണങ്ങളെ ക്വുർആൻ വിവരിക്കുന്നത് കാണുക.

1. ഖിലാഫത്ത്: എല്ലാ ജീവികളെയും പോലെ മനുഷ്യനും തലമുറകളായിട്ടാണ് ഭൂമിയിൽ ജീവിക്കുന്നത്. ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറ ജനിച്ചുവളരുന്നു. ആദ്യമനുഷ്യനായ ആദമി(അ)ൽനിന്ന് ജനിച്ചുണ്ടായവരാണ് ഭൂമിയിൽ ഉണ്ടായ കോടിക്കണക്കിനാളുകൾ. മറ്റു ജീവികളും പ്രജനനത്തിലൂടെ ഭൂമിയിൽ പെരുകിയതാണ്. എന്നാൽ ‘ഖിലാഫത്ത്’ (പിൻഗാമിത്വം) എന്ന സവിശേഷത മനുഷ്യന്നു മാത്രം സ്വന്തമാണ്. മറ്റു ജന്തുജാലങ്ങൾ അവയുടെ ജീവിതാനുഭവങ്ങളിൽനിന്ന് ഒരു പാഠവും അടുത്ത തലമുറക്ക് കൈമാറുന്നില്ല. മനുഷ്യൻ അങ്ങനെയല്ല. അവന്റെ ഭാഷയും ശൈലിയും ജീവനോപാധികളും തലമുറകൾ കൈമാറിവന്നതാണ്. ഇന്നീ കാണുന്ന നാഗരികതയുടെ ലക്ഷണമെല്ലാം നൂറ്റാണ്ടുകളിലൂടെ ചാക്രികമായി വന്ന വളർച്ചയും തുടർച്ചയുമാണ്.



ക്വുർആൻ പറയുന്നു: “പിന്നെ, അവർക്കുശേഷം നിങ്ങളെ നാം ഭൂമിയിൽ പിൻഗാമികളാക്കി. നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നാം നോക്കുവാൻ വേണ്ടി” (10:14).

നിരന്തരമായ ചിന്തയിലൂടെയും അധ്വാനത്തിലൂടെയും ജീവിതം അർഥവത്താക്കണമെന്നും, അടുത്ത തലമുറക്ക് ഫലപ്രദമാകുന്ന പ്രവർത്തനങ്ങൾ ബാക്കിവെക്കണമെന്നും മനുഷ്യന്റെ ഈ വിശേഷണം സൂചന നൽകുന്നുണ്ട്. നല്ലത് കൽപിക്കുക, ചീത്ത വിരോധിക്കുക, ഉപകാരപ്പെടുന്ന അറിവുകൾ പഠിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ നാം മരിച്ചാലും അടുത്ത തലമുറക്കും പ്രയോജനപ്പെടുമല്ലോ. ഇതെല്ലാം മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്.

2. ബുദ്ധി: സ്രഷ്ടാവിനെ കണ്ടെത്താനും നല്ലതും ചീത്തയും വേർതിരിക്കാനും സ്വയം വളരാനും വളർത്താനുമുള്ള കഴിവ് മനുഷ്യന്നു മാത്രമാണുള്ളത്. നമുക്കറിയാവുന്ന മറ്റു ജീവികൾ ഈ വിവേചന ശേഷി പ്രകടിപ്പിക്കുന്നവയല്ല.

3. ഹൃദയം: ബുദ്ധിയുടെ സഹായത്തോടെ കാര്യങ്ങൾ ഗ്രഹിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നതോടൊപ്പം വികാരപ്രകടനം, അവയുടെ കൈമാറ്റം, വ്യത്യസ്ത ഭാവപ്രകടനം എന്നിവ ഹൃദയത്തിന്റെ പ്രത്യേകതകളാണ്.

4. പഞ്ചേന്ദ്രിയ ശേഷി: മറ്റുജീവികൾക്കു ഭാഗികമായി ഈ കഴിവുകളുണ്ടെങ്കിലും ചിന്തയും വികാരങ്ങളും തലമുറകളിലേക്ക് കൈമാറാനുള്ള വിശേഷകഴിവ് മനുഷ്യനുണ്ട്.

5. പഠനം: വായന, മനനം, ആശയവിനിമയം, എഴുത്ത് എന്നീ കഴിവുകളാണ് എടുത്തുപറയാനുള്ള മറ്റു സവിശേഷതകൾ. ഇവ മുഖേനയാണ് ലോകചരിത്രം എന്ന വിജ്ഞാനശാഖ തന്നെ നിലവിൽവന്നത്.

6. ചിന്താശേഷി: ഇതും മനുഷ്യന്നു മാത്രമുള്ള സവിശേഷതയാണ്.



## ദുർബലനായ മനുഷ്യൻ

അനേകം സവിശേഷതകൾ നിറഞ്ഞ ഉൽകൃഷ്ട സൃഷ്ടിയാണ് മനുഷ്യനെങ്കിലും അവന്റെ നിസ്സാരതയെയും കഴിവുകേടിനെയും ക്വുർആൻ എടുത്തുപറയുന്നുണ്ട്.

"നിങ്ങൾക്കു ഭാരം കുറച്ചുതരണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. ദുർബലനായിക്കൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്" (4:28). മാനസിക ദൗർബല്യമാണ് ഇവിടെ സൂചന.

ശാരീരിക ഘടനയിലും ഇഛാശക്തിയിലും വിശ്വാസരംഗത്തും ക്ഷമയുടെ കാര്യത്തിലുമെല്ലാം മനുഷ്യന്റെ ദൗർബല്യം പ്രകടമാണ്. വൈവാഹിക നിയമങ്ങളെ പരാമർശിക്കുന്ന വചനങ്ങൾക്കിടയിലാണ് ഉപര്യുക്ത വചനമുള്ളത്. സ്ത്രീസംബന്ധമായ വൈകാരികതയിലും മനുഷ്യൻ പലപ്പോഴും ദുർബലനാണെന്ന സൂചനയും മേൽവചനത്തിലുണ്ട് എന്ന് പല ക്വുർആൻ വ്യാഖ്യാനങ്ങളും പ്രസ്താവിച്ചിരിക്കുന്നു.

"നിങ്ങളെ ബലഹീനമായ അവസ്ഥയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കുശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും" (30:54). ശാരീരിക, ഘടനാപരമായ ദൗർബല്യമാണിവിടെ സൂചിപ്പിക്കുന്നത്.

"അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത്? അതല്ല നാമാണോ സൃഷ്ടികർത്താവ്? നാം നിങ്ങൾക്കിടയിൽ മരണം കണക്കാക്കിയിരിക്കുന്നു. നാം ഒരിക്കലും തോൽപിക്കപ്പെടുന്നവനല്ല" (56:58-60).

"എന്നാൽ നിങ്ങൾ ചെയ്യുന്ന കൃഷിയെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ചുവളർത്തുന്നത്? അതല്ല, നാമാണോ അത് മുളപ്പിച്ചു വളർത്തുന്നത്? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് (വിള) നാം തുരുമ്പാക്കിത്തീർക്കുമായിരുന്നു. അപ്പോൾ നിങ്ങൾ അതിശയപ്പെട്ടു പറഞ്ഞുകൊണ്ടേയിരിക്കും, തീർച്ചയായും ഞങ്ങൾ കടബാധിതർ തന്നെയാകുന്നു. അല്ല, ഞങ്ങൾ (ഉപജീവനം) തടയപ്പെട്ടവരാകുന്നു (56:63-67).

"ഇനി നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽനിന്ന് ഇറക്കിയത്? അതല്ല നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്?" (56:68-70).



എത്ര വലിയവനായാലും മരണത്തിന് കീഴൊതുങ്ങാതിരിക്കാൻ ആർക്കും കഴിയില്ല എന്ന അവസ്ഥയാണിവിടെ അല്ലാഹു ഓർമിപ്പിക്കുന്നത്. ഞാനല്ലാതെ നിങ്ങൾക്ക് വേറെയൊരു ദൈവമില്ല എന്ന് അഹങ്കരിച്ച ഫിർഔൻ മുതൽ വമ്പന്മാരും മഹാശക്തരും ഇവിടെ ജീവിച്ചു. അവർ പക്ഷേ, മരണത്തിന്റെ മുമ്പിൽ അതീവ ദുർബലരായി. ഫിർഔൻ തന്റെ അന്ത്യനിമിഷത്തിൽ ഗത്യന്തരമില്ലാതെ 'ഞാൻ വിശ്വസിച്ചു' എന്ന് പറഞ്ഞ സംഭവം ക്വുർആൻ വിവരിച്ചത് കാണുക:

"ഇസ്‌റാഈൽ സന്തതികളെ നാം കടൽകടത്തിക്കൊണ്ടുപോയി. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും ധിക്കാരവും അതിക്രമവുമായി അവരെ പിന്തുടർന്നു ഒടുവിൽ മുങ്ങിമരിക്കാറായപ്പോൾ അവൻ പറഞ്ഞു: ഇസ്‌റാഈൽ സന്തതികൾ ഏതൊരു ആരാധ്യനിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ യാതൊരു ആരാധ്യനുമില്ല എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ കീഴ്‌പ്പെട്ടവരുടെ കൂട്ടത്തിലാകുന്നു" (10:90).

അപ്പോൾ അല്ലാഹു അവനോട് ചോദിച്ചു: "മുമ്പ് ധിക്കരിക്കുകയും കുഴപ്പക്കാരിൽ പെടുകയും ചെയ്തിട്ട് ഇപ്പോഴാണോ? (നീ വിശ്വസിക്കുന്നത്)" (10:91).

"എത്രയെത്ര തോട്ടങ്ങളും അരുവികളുമാണ് അവൻ വിട്ടേച്ചുപോയത്! കൃഷികളും മാന്യമായ പാർപ്പിടങ്ങളും അവർ ആഹ്ലാദപൂർവം അനുഭവിച്ചിരുന്ന (എത്രയെത്ര) സൗഭാഗ്യങ്ങൾ! അങ്ങനെയാണത് (കലാശിച്ചത്). അതെല്ലാം മറ്റൊരു ജനതക്ക് നാം അവകാശപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അപ്പോൾ അവരുടെ പേരിൽ ആകാശവും ഭൂമിയും കരഞ്ഞില്ല. അവർക്കു ഇടകൊടുക്കപ്പെടുകയുമുണ്ടായില്ല" (44:25-28)

ഒറ്റ നിമിഷംകൊണ്ട് ഭൂലോകം ചുട്ടുചാമ്പലാക്കാൻ ശക്തിയുള്ള ആയുധങ്ങൾ ശേഖരിച്ചുവെച്ച് അഹങ്കരിക്കുന്ന ആധുനിക ഫിർഔനുമാരും സൂക്ഷ്മജീവിയായ ഒരു വൈറസിന്റെ മുമ്പിൽ പകച്ചുനിൽക്കുന്ന വർത്തമാനകാലാനുഭവം മനുഷ്യന്റെ ദൗർബല്യമാണ് വിളിച്ചു പറയുന്നത്. **(തുടരും)**

"നിങ്ങൾ ഉരസിക്കത്തിക്കുന്നതായ തീയിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അതിന്റെ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല നാമാണോ സൃഷ്ടിച്ചുണ്ടാക്കിയവൻ?" (56:71-72).

ബുദ്ധിവൈഭവവും ജ്ഞാനവും പഞ്ചേന്ദ്രിയാനുഭവങ്ങളുംകൊണ്ട് അനുഗൃഹീതനായ മനുഷ്യന് തന്റെ ശേഷിയിൽ അഹങ്കരിക്കാനൊന്നുമില്ലെന്നും തന്റെ ജീവനെ നിലനിർത്തുന്നതെല്ലാം സ്രഷ്ടാവായ അല്ലാഹുവിന്റെ കഴിവു മാത്രമാണെന്നും അവനെ ബോധ്യപ്പെടുത്തുകയാണിവിടെ. നന്ദികാണിക്കണമെന്ന കൽപനയും ഇതിലുണ്ട്.

"അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ ഞാൻ വീഴ്ചവരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ലത് പ്രവർത്തിക്കുവാൻ കഴിയത്തക്കവിധം എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഒരിക്കലുമില്ല! അതൊരു വെറുംവാക്കു മാത്രമാണ്. അതവൻ പറഞ്ഞുകൊണ്ടിരിക്കും. അവരുടെ പിന്നിൽ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്" (23:99-100).

"അല്ല, (പ്രാണൻ) തൊണ്ടക്കുഴിയിൽ എത്തുകയും, മന്ത്രിക്കുവാനാരുണ്ട് എന്ന് പറയപ്പെടുകയും, അത് വേർപാടാണെന്ന് അവർ ഉറപ്പാക്കുകയും, കണങ്കാലും കണങ്കാലുമായി കൂട്ടിപ്പിണയുകയും ചെയ്താൽ, അന്ന് തന്റെ രക്ഷിതാവിങ്കലേക്കായിരിക്കും തെളിച്ചു കൊണ്ടുപോകുന്നത്" (75:20-30).

ലേഖനം

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

# അഭിമാനരോഷം



## ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 27

തനിക്കു പവിത്രമായത് സംരക്ഷിക്കുന്നതിനാലുണ്ടാകുന്ന രോഷം ഏറ്റവും അഭികാമ്യമാണ്. അറബി ഭാഷയിൽ അതിന് 'ഗീറത്ത്' എന്നു പറയും. ഒരു വിശ്വാസി ഹറാമുകൾ പ്രവർത്തിക്കുമ്പോൾ അല്ലാഹുവിന്ന് രോഷമുണ്ടാകുമെന്ന് ഹദീഥുകളിൽ വന്നിട്ടുണ്ട്:

"നിശ്ചയം അല്ലാഹുവിന് രോഷമുണ്ടാകും. അല്ലാഹു നിഷിദ്ധമാക്കിയവ ഒരു വിശ്വാസി ചെയ്യുകയായോലാണ് അല്ലാഹുവിന് രോഷമുണ്ടാവുക" (ബുഖാരി).

പവിത്രമായത് സംരക്ഷിക്കുന്ന മാർഗേണ കാരുണ്യത്തിന്റെ തിരുദൂതർﷺ രോഷംകൊള്ളാറുണ്ടായിരുന്നു.

അബൂഹുറയ്റ﷛യിൽനിന്നു നിവേദനം: "അല്ലാഹുവാണേ, ഞാൻ രോഷംകൊള്ളും, തീർച്ച. അല്ലാഹുവാകട്ടെ എന്നെക്കാൾ രോഷമുള്ളവനാകുന്നു. അവന്റെ രോഷത്താൽ അവൻ നീചവൃത്തികൾ വിരോധിച്ചു" (മുസ്നദു അഹ്മദ്. അർനാഊത്വ് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

തന്റെ സ്വന്തക്കാർ ഒരു തെറ്റുചെയ്യുമ്പോൾ അവരുടെ വിഷയത്തിലുണ്ടാകുന്ന രോഷം അല്ലാഹു ഇഷ്ടപ്പെടുന്ന സ്വഭാവമാണ്. അല്ലാഹു അനുവദിച്ചത് ചെയ്യുമ്പോൾ രോഷം പ്രകടിപ്പിക്കുന്നത് അല്ലാഹുവിന് അനിഷ്ടകരമായ സ്വഭാവവുമാണ്. സ്തുത്യർഹമായ രോഷത്തിന്റെ വിഷയത്തിൽ തിരുദൂതർﷺ പറഞ്ഞു:

“സത്യവിശ്വാസിക്ക് രോഷമുണ്ടാകും. അല്ലാഹു വാകട്ടെ ഏറ്റവും കഠിനമായ രോഷമുള്ളവനാകുന്നു”(മുസ്‌ലിം).

മറ്റൊരു റിപ്പോർട്ടിൽ തിരുമേനി ആവർത്തിച്ചു പറഞ്ഞത് വിഷയത്തിന്റെ ഗൗരവമാണ് അറിയിക്കുന്നത്:

“സത്യവിശ്വാസിക്ക് രോഷമുണ്ടാകും, സത്യവിശ്വാസിക്ക് രോഷമുണ്ടാകും, സത്യവിശ്വാസിക്ക് രോഷമുണ്ടാകും! അല്ലാഹുവാകട്ടെ ഏറ്റവും കഠിനമായ രോഷമുള്ളവനാകുന്നു”(മുസ്നദു അഹ്മദ്. അർനാഊത് വ് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ദാവൂദ് നബിﷺയുമായി ബന്ധപ്പെട്ട ഒരു ചരിത്രം ഈവിഷയത്തിൽ ശ്രദ്ധേയമാണ്. അബൂഹുറയ്റ رضي الله عنهയിൽനിന്ന് നിവേദനം; തിരുദൂതർﷺ പറഞ്ഞു:

“ദാവൂദ് നബിക്ക് കടുത്ത അഭിമാനരോഷമുണ്ടായിരുന്നു. അദ്ദേഹം വീടുവിട്ടിറങ്ങിയാൽ വാതിലുകൾ പൂട്ടിയിടുമായിരുന്നു. അങ്ങനെ അദ്ദേഹം മടങ്ങുന്നതുവരെ കുടുംബത്തിലേക്ക് ആരും പ്രവേശിക്കുമായിരുന്നില്ല. ഒരുദിനം അദ്ദേഹം വീടുവിട്ടിറങ്ങുകയും വീട് പൂട്ടുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ വീട്ടിലേക്ക് വരികയുണ്ടായി. അപ്പോഴതാ വീട്ടിനകത്ത് ഒരു വ്യക്തി നിൽക്കുന്നു. വീട്ടിനകത്തുള്ള വ്യക്തിയോട് അവർ ചോദിച്ചു: ‘വീട് പൂട്ടിക്കിടക്കെ ഈ വ്യക്തി എവിടെ നിന്നാണ് വീട്ടിൽ പ്രവേശിച്ചത്? നീ ദാവൂദിനാൽ ആക്ഷേപിക്കപ്പെടുക തന്നെ ചെയ്യും.’ അങ്ങനെ ദാവൂദ്ﷺവന്നപ്പോഴും ആ വ്യക്തി വീട്ടിനകത്ത് നിലയുറപ്പിച്ചിരിക്കുകയായിരുന്നു. ദാവൂദ്ﷺ ആ വ്യക്തിയോട് ചോദിച്ചു: ‘താങ്കൾ ആരാണ്?’ അയാൾ പറഞ്ഞു: ‘ഞാൻ രാജാക്കളെ ഭയക്കാത്തവനാണ്; ഒരാൾക്കും എന്നെ പ്രതിരോധിക്കുവാനാവില്ല.’ ദാവൂദ്ﷺ പറഞ്ഞു: ‘അല്ലാഹുവാണേ, താങ്കൾ മലകുൽമൗതാകുന്നു. അല്ലാഹുവിന്റെ കൽപനക്ക് സ്വാഗതം.’ ദാവൂദ് അവിടം വിട്ട് വേഗത്തിൽ നടന്നു; അവിടെ വെച്ച് അദ്ദേഹത്തിന്റെ ആത്മാവ് പിടികൂടപ്പെട്ടു. അദ്ദേഹത്തിന്റെ മരണാനന്തരം അദ്ദേഹത്തിനു സൂര്യപ്രകാശമേറ്റു. അപ്പോൾ പക്ഷികളോട് സുലൈമാൻﷺ പറഞ്ഞു: ‘ദാവൂദിന് തണൽ വിരിക്കുക.’ ഉടൻ അദ്ദേഹത്തിനു പക്ഷികൾ തണൽവിരിക്കുകയും ദാവൂദിനും സുലെയ്മാനും ഭൂമി ഇരുട്ടുകയും ചെയ്തു. സുലെയ്മാൻﷺ പക്ഷികളോട് പറഞ്ഞു: ‘ഓരോ ചിറകുകളായി ചുരുട്ടിപ്പിടിക്കുക...” (മുസ്നദു അഹ്മദ്. ഇബ്നുകഥീർ സനദ് ശക്തമെന്നു പറഞ്ഞു).

തിരുദൂതർﷺ രോഷം പ്രകടിപ്പിച്ച സന്ദർഭങ്ങൾ ചരിത്രത്തിൽ പലതാണ്. എല്ലാം സ്തുത്യർഹമായ പാഠങ്ങളാണ് നമുക്കു നൽകുന്നത്. ഉമ്മുൽമുഅ്മിനീൻ ആഇശ رضي الله عنها പറയുന്നു:


“ഒരു വ്യക്തി എന്റെ അടുക്കൽ ഇരിക്കെ അല്ലാഹുവിന്റെ തിരുദൂതർ എന്റെ അടുക്കലേക്ക് പ്രവേശിച്ചു. രംഗം തിരുമേനിക്ക് ഏറെ പ്രയാസകരമായി. കോപം തിരുമുഖത്ത് ഞാൻ കണ്ടു. ഞാൻ പറഞ്ഞു: ‘അല്ലാഹുവിന്റെ തിരുദൂതരേ, മുലകുടിബന്ധത്തിൽ എന്റെ സഹോദരനാണ് ഇത്.’ തിരുമേനി പ്രതികരിച്ചു: ‘മുലകുടിബന്ധത്താലുള്ള നിങ്ങളുടെ സഹോദരങ്ങൾ ആരാണെന്നു നിങ്ങൾ നോക്കുക. (ചെറുപ്രായത്തിൽ) വിശപ്പുമാറാനുള്ള മുലകുടിയാണ് പരിഗണനീയമായത്”(ബുഖാരി).

ഉമ്മുസലമ رضي الله عنهاയിൽ നിന്ന് നിവേദനം; അവർ പറഞ്ഞു: “ഞാൻ അല്ലാഹുവിന്റെ തിരുദൂതരുടെ അടുക്കൽ ഉണ്ടായിരുന്നു. തിരുമേനിﷺയുടെ അടുക്കൽ മൈമൂന رضي الله عنهاയുമുണ്ടായിരുന്നു. അപ്പോൾ ഇബ്നു ഉമ്മിമക്തൂം رضي الله عنه കടന്നുവന്നു. ഇതു ഞങ്ങൾ ഹിജാബുകൊണ്ട് കൽപിക്കപ്പെട്ടതിനു ശേഷമായിരുന്നു. ഉടൻ തിരുനബിﷺ പറഞ്ഞു: ‘നിങ്ങൾ രണ്ടുപേരും അദ്ദേഹത്തിൽനിന്നു മറഞ്ഞു നിൽക്കുക.’ ഞങ്ങൾ പറഞ്ഞു: ‘അല്ലാഹുവിന്റെ ദൂതരേ, അദ്ദേഹം അന്ധനല്ലേ? അദ്ദേഹം ഞങ്ങളെ കാണുകയോ അറിയുകയോ ഇല്ലല്ലോ!’ നബിﷺ പറഞ്ഞു: ‘നിങ്ങൾ രണ്ടുപേരും അന്ധരാണോ, നിങ്ങൾ അദ്ദേഹത്തെ കാണുകയില്ലേ?” (സുനനുഅബീദാവൂദ്. സുനനുത്തുർമുദി. ഇമാം തുർമുദി ഹസനുൻ സ്വഹീഹ് എന്നു വിശേഷിപ്പിച്ചു).

ഉമറി رضي الله عنهന്റെ രോഷം അറിയിക്കുന്ന ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്: “തിരുദൂതർﷺ പറഞ്ഞു: ‘ഞാൻ സ്വർഗത്തിൽ പ്രവേശിച്ചു. അപ്പോൾ അതിൽ ഞാൻ ഒരു വീട് -അല്ലെങ്കിൽ കൊട്ടാരം- കണ്ടു. അപ്പോൾ ഞാൻ ചോദിച്ചു: ‘ഇത് ആർക്കാണ്?’ അവർ പറഞ്ഞു: ‘ഇത് ഉമർ ഇബ്നുൽഖത്ത്വാബിനാണ്.’ അപ്പോൾ അതിൽ പ്രവേശിക്കുവാൻ ഞാൻ ഉദ്ദേശിച്ചു. ഉടൻ ഞാൻ താങ്കളുടെ അഭിമാനരോഷം ഓർത്തുപോയി. അതിൽ ഉമർ رضي الله عنه കരഞ്ഞു. അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവിന്റെ തിരുദൂതരേ, താങ്കൾക്കുനേരെ രോഷം കാണിക്കപ്പെടുമോ?” (മുസ്‌ലിം).

നബീൽ പയ്യോളി
nabeelpayyoly@gmail.com





# മഹാമാരിക്കാലത്തെ ഹജ്ജ്

ഹജ്ജ് ഒരു വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹവും സമ്പാദ്യവുമാണ്. ഹജ്ജിന്റെ മഹത്ത്വം പ്രവാചകൻ നമ്മെ പഠിപ്പിക്കുന്നത് കാണുക:

അബൂഹുറയ്റ(റ) നിവേദനം: "ഏത് പ്രവൃത്തിയാണ് ഏറ്റവും ശ്രേഷ്ഠമായതെന്ന് നബി(ﷺ)യോട് ചോദിക്കപ്പെട്ടു. അവിടുന്നു അരുളി: 'അല്ലാഹുവിലും ദൂതനിലും വിശ്വസിക്കൽ.' ശേഷം ഏതാണെന്ന് വീണ്ടും ചോദിക്കപ്പെട്ടു. 'അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യൽ' എന്ന് നബി(ﷺ) പ്രത്യുത്തരം നൽകി. 'പിന്നെ ഏതാണെ'ന്ന് വീണ്ടും ചോദിക്കപ്പെട്ടു. 'അവിടുന്ന് അരുളി: 'പുണ്യകരമായ ഹജ്ജ്" (ബുഖാരി).

അബൂഹുറയ്റ(റ) നിവേദനം: "വല്ലവനും അല്ലാഹുവിന് വേണ്ടി ഹജ്ജ് ചെയ്തു. അവൻ അനാവശ്യം പ്രവർത്തിച്ചില്ല. കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. എങ്കിൽ സ്വമാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായിക്കൊണ്ട് അവൻ തിരിച്ചുവരും എന്ന് നബി(ﷺ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി" (ബുഖാരി).

ഈ ഭൂമിയിലേക്ക് പിറന്നുവീണ നിഷ്‌കളങ്കനായ ഒരു കുഞ്ഞിന്റെ ഹൃദയവുമായി തിരിച്ചുവരാൻ കാരണമാകുന്ന ശ്രേഷ്ഠമായ കർമമാണ് ഹജ്ജ്. വിശ്വാസികൾ ഹജ്ജിനായി കൊതിക്കുന്നത് ഈ സൗഭാഗ്യം നേടാൻവേണ്ടി തന്നെയാണ്. ജീവിതലക്ഷ്യമായ സ്വർഗപ്രവേശം നേടാനായി സംശുദ്ധമായ മനസ്സുമായി സ്രഷ്ടാവിന്റെ അടുക്കൽ എത്തിച്ചേരാൻ ഹജ്ജിലൂടെ വിശ്വാസികൾക്ക് സാധ്യമാവുകയാണ്. മനസ്സും ശരീരവും ഒരേപോലെ അല്ലാഹുവിന്റെ കൽപന സ്വീകരിക്കാൻ തയ്യാറാവുന്ന പവിത്രമായ അവസരമാണ് ഹജ്ജിലൂടെ സംജാതമാവുന്നത്.

ആദർശപിതാവ് ഇബ്‌റാഹീം നബിﷺയും മകൻ ഇസ്മാഈലുംﷺ അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടി പണികഴിപ്പിച്ച ആദ്യഭവനമായ കഅ്ബത്തിങ്കൽ ചെല്ലാതെ ഹജ്ജ് ചെയ്യാൻ സാധ്യമല്ല. അല്ലാഹു പറയുന്നു:

“ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു). (നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെപ്പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും” (ക്വുർആൻ 22:26,27).

അന്നുമുതൽ തുടങ്ങിയതാണ് ലോകത്തിന്റെ അഷ്ടദിക്കുകളിൽനിന്നുമുള്ള വിശ്വാസിസമൂഹത്തിന്റെ ഈ പുണ്യഗേഹത്തെ ലക്ഷ്യമാക്കിയുള്ള പ്രയാണം! മക്കയെന്ന മണലാരണ്യത്തിൽ ലോകത്തിലെ മുഴുവൻ സത്യവിശ്വാസികളുടെയും ആരാധനയുടെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നു ഈ പുണ്യഗേഹം. ആ ഭവനം ഒന്നു കാണുവാനും അവിടെയെത്തി ഒരുവട്ടമെങ്കിലും ആരാധന ചെയ്യുവാനുമുള്ള ആഗ്രഹം ഏതൊരു വിശ്വാസിയും മനസ്സിൽ സൂക്ഷിക്കുന്നതാണ്. മുൻകാലങ്ങളിൽ അത് പ്രയാസകരവും ഭൂരിപക്ഷം വിശ്വാസികൾക്കും ഒരു സ്വപ്നവും മാത്രമായിരുന്നുവെങ്കിൽ ആധുനിക കാലത്ത് ഗതാഗത സൗകര്യങ്ങളും സാമ്പത്തിക അഭിവൃദ്ധിയും ആ സ്വപ്നം സാക്ഷാത്കരിക്കാൻ ഏറെ സഹായകമായിട്ടുണ്ട്. ഉംറ ചെയ്യാനുള്ള അവസരം ലഭിക്കാനും വലിയകടമ്പകൾ ഇന്നില്ല.


മഹാമാരിക്കാലം ലോകക്രമത്തെ മുഴുവൻ മാറ്റിമറിച്ചിരിക്കുകയാണ്. മനുഷ്യരെ വീടിന്റെ അകത്തളങ്ങളിൽ തളച്ചിട്ടിരിക്കുന്നു ഈ വൈറസ്. രോഗത്തിന് മുന്നിൽ നിസ്സഹായരായി നിൽക്കുന്ന മനുഷ്യരെയാണ് എവിടെയും കാണാൻ സാധിക്കുന്നത്. നിരവധിപേർ മരണത്തിനു കീഴടങ്ങുകയും ചെയ്തു. വാക്‌സിൻ പരീക്ഷണത്തിന്റെ വാർത്തകൾ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് കേൾക്കാൻ തുടങ്ങിയിട്ട് മാസങ്ങളേറെയായി. ഇനിയും പ്രതീക്ഷയോടെ കാത്തിരിക്കുകയാണ് ലോകം. ഈ മഹാമാരിക്കാലത്തെ വിശുദ്ധ റമദാൻ മാസത്തിൽ ലോകത്ത് മിക്കയിടങ്ങളിലും ആരാധനാലയങ്ങൾ അടച്ചിട്ട് കോവിഡ് പ്രതിരോധത്തിൽ പങ്കാളികളാവാൻ വിശ്വാസി സമൂഹം തീരുമാനിച്ചു. ചരിത്രത്തിൽ തന്നെ അപൂർവമായി ഹറമും പരിസരവും വിജനമായി. വിശ്വാസി സമൂഹത്തിന്റെ നിലയ്ക്കാത്ത പ്രവാഹം കൊണ്ട് സമ്പന്നമായ ഹറമും പരിസരവും വിജനമായ കാഴ്ച വിശ്വാസിമനസ്സിൽ വേദനനിറച്ചു. നിയന്ത്രിതമായി നമസ്‌കാരങ്ങൾ നടന്നെങ്കിലും പൊതുജനങ്ങൾക്ക് പ്രവേശനം ഇല്ലാതെ മാസങ്ങൾ കടന്നുപോയി. കഴിഞ്ഞമാസം സുഊദി അറേബ്യയിലെ ഏകദേശം എല്ലാ സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിച്ചു തുടങ്ങി. പള്ളികളും ആരാധനയ്ക്കായി തുറന്നുകൊടുത്തു. ജുമുഅ, ജമാഅത്തുകൾ നടന്നു. കോവിഡ് മാനദന്ധം പാലിച്ചാണ് എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ ഭരണകൂടം ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. നിർദേശങ്ങൾ ലംഘിക്കുന്നവർക്ക് പിഴയും മറ്റു നിയമനടപടികളും നേരിടേണ്ടിവരും. കൊറോണക്കൊപ്പം ജീവിക്കുക എന്നത് മാനസികമായി ഉൾകൊള്ളാൻ എല്ലാവരും പ്രാപ്തരായി എന്ന് വേണം കരുതാൻ. അതാണ് സുഊദിയിലെ തെരുവീഥികളും ജനബാഹുല്യവും പറയുന്നത്. ജാഗ്രത കൈവിടാതെതന്നെ സാധാരണ ജീവിതത്തിലേക്ക് ബഹുഭൂരിപക്ഷം ആളുകളും പ്രവേശിച്ചുകഴിഞ്ഞു.

ഇത്തവണ ഹജ്ജ് ഉണ്ടാകുമോ എന്ന ആശങ്ക എല്ലാവരിലും ഉണ്ടായിരുന്നു. എന്നാൽ കോവിഡ് പ്രതിരോധത്തിന് നടപ്പിലാക്കിയ പദ്ധതികൾ വിജയം കണ്ടത് ഹജ്ജിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ സുഊദി ഭരണകൂടത്തിന് ആത്മവിശ്വാസം

നൽകി. ഏറെ പ്രത്യേകതകൾ നിറഞ്ഞ ഹജ്ജിനാണ് ഈ വർഷം നാം സാക്ഷ്യം വഹിക്കുന്നത്. പതിവിന് വിപരീതമായി പതിനായിരം പേർക്ക് മാത്രമാണ് ഈ വർഷം ഹജ്ജ് നിർവഹിക്കാൻ അവസരം. ഒരുപക്ഷേ, ചരിത്രത്തിൽതന്നെ ഏറ്റവും കുറച്ച് വിശ്വാസികൾ പങ്കെടുക്കുന്ന ഹജ്ജായിരിക്കും ഈ വർഷത്തേത്. സുഊദി അറേബ്യയിൽ താമസം ഉള്ളവർക്കാണ് ഹജ്ജിന് അവസരം ലഭിക്കുന്നത്. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി അന്താരാഷ്ട്ര കവാടങ്ങൾ മുഴുവൻ അടച്ചിരിക്കുകയാണ്. രോഗവ്യാപനം ഭയക്കുന്ന സാഹചര്യം ആയതുകൊണ്ട് തന്നെ രാജ്യത്തിന് പുറത്തുള്ളവർക്ക് ഈ വർഷം ഹജ്ജിന് അവസരമില്ല. എന്നാൽ രാജ്യത്ത് താമസിക്കുന്ന വിദേശികളും സ്വദേശികളും ആയ പതിനായിരം പേർക്ക് ഹജ്ജിന് അവസരമുണ്ട്. വിദേശ പൗരന്മാരെ അതാത് രാജ്യങ്ങളുടെ എംബസി, കോൺസുലേറ്റ് മുഖാന്തിരമാണ് സുഊദി ഹജ്ജ്മന്ത്രാലയം ഹജ്ജിനായി തെരഞ്ഞെടുത്തിരിക്കുന്നത്. കുറഞ്ഞ ദിവസങ്ങൾകൊണ്ട് നടപടിക്രമങ്ങൾ പൂർത്തിയാക്കി ഹാജിമാരെ തെരഞ്ഞെടുക്കാൻ സർക്കാർ സംവിധാനത്തിന് സാധ്യമായി.

ഇതുവരെ ഹജ്ജ് ചെയ്യാത്ത 20 വയസ്സിനും 65 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്കാണ് ഇത്തവണ ഹജ്ജിന് അവസരം ലഭിച്ചിരിക്കുന്നത്. പ്രമേഹം, ഹൃദ്രോഗം, രക്തസമ്മർദം തുടങ്ങിയ ആരോഗ്യ പ്രയാസങ്ങൾ ഉള്ളവർക്കും ഇത്തവണ ഹജ്ജിന് അവസരമില്ല. ലോകത്തെ 160 രാജ്യങ്ങളിൽ നിന്നുള്ള, സുഊദി അറേബ്യയിൽ താമസിക്കുന്നവർക്കാണ് 70 ശതമാനം അവസരവും നൽകിയിട്ടുള്ളത്. ബാക്കി 30 ശതമാനം അവസരം സുഊദി പൗരന്മാർക്കുമാണ്. കോവിഡ് മുക്തരായ ആരോഗ്യ പ്രവർത്തകർക്കും സുരക്ഷാ ഉദ്യോഗസ്ഥർക്കുമാണ് മുൻഗണന ലഭിച്ചത്. എന്തായാലും ശക്തമായ ജാഗ്രതയും കരുതലും ഇത്തവണത്തെ ഹജ്ജിന്റെ പ്രത്യേകതയാണ്.

ഹജ്ജ് പൂർത്തിയാക്കുന്നവർ 14 ദിവസത്തെ നിർബന്ധിത ക്വാറന്റൈൻ പാലിക്കണം എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. കോവിഡ് ഭീതി നിലനിൽക്കുന്ന സാഹചര്യത്തിൽ ശക്തമായ നിയന്ത്രണങ്ങളും പരിശോധനകളും ഉറപ്പ് വരുത്തിയിട്ടുണ്ട്.



സാമൂഹിക അകലം പാലിച്ചുകൊണ്ടാണ് ഹജ്ജ് നിർവഹിക്കേണ്ടത്. നിർബന്ധമായും മാസ്ക് ധരിക്കാനും കൈകൾ ഇടയ്ക്കിടക്ക് അണുവിമുക്തമാക്കുവാനും അധികൃതർ നിർദേശിക്കുന്നു. വിശദമായ പെരുമാറ്റച്ചട്ടമാണ് ഹാജിമാർക്കും സേവനദാതാക്കൾക്കും ഉദ്യോഗസ്ഥർക്കും അടക്കം സുഊദി ഭരണകൂടം പുറത്തിറക്കിയിട്ടുള്ളത്. മുഴുവൻ പ്രവേശനകവാടങ്ങളിലും ശരീരോഷ്മാവ് അളക്കുന്ന സൗകര്യങ്ങൾ ഉണ്ടാവും. നമസ്കാരത്തിന് സ്വന്തമായി വിരിപ്പുകൾ ഉപയോഗിക്കണം. പ്രിന്റ് ചെയ്ത പുസ്തകങ്ങളോ മറ്റോ അനുവദിക്കുകയില്ല. ഹജ്ജിന്റെ കർമങ്ങൾ അനുഷ്ഠിക്കുന്ന സ്ഥലങ്ങളിൽ സാമൂഹിക അകലം പാലിക്കാനും സ്പർശനം ഒഴിവാക്കാനും പ്രത്യേകം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. പരസ്പരമുള്ള ആശയ വിനിമയങ്ങൾ പരിമിതപ്പെടുത്താനും ടെന്റുകളിലും വാഹനങ്ങളിലും മറ്റും ഒരേ ഇരിപ്പിടം മാത്രം ഉപയോഗിക്കാനും നിഷ്കർശിക്കുന്നു. പ്രതലങ്ങൾ സ്പർശിക്കാനോ പരസ്പരം സ്പർശനം ഉണ്ടാകാനോ ഇടവരരുത്. ഭക്ഷണം പായ്ക്ക് ചെയ്ത് മാത്രമെ വിതരണം ചെയ്യാവൂ. വിതരണം ചെയ്യുന്നവർ കൃത്യമായ മുൻകരുതലുകൾ സ്വീകരിക്കണം. സാമൂഹികഅകലം പാലിക്കുകയും വേണം. ഒരുതവണ ഉപയോഗിക്കാവുന്ന ഭക്ഷണപ്പാത്രങ്ങൾ മാത്രമെ നൽകാവൂ. 'സംസം' അടക്കമുള്ള പാനീയങ്ങൾ ഒറ്റത്തവണ മാത്രം ഉപയോഗിക്കാവുന്ന പായ്ക്കറ്റുകളിലാണ് ലഭിക്കുക. ഓരോ തമ്പിലും പത്തിൽ കൂടുതൽ തീർഥാടകരുണ്ടാകാൻ പാടില്ല. ജംറകളിൽ എറിയാനുള്ള കല്ലുകൾ അണുവിമുക്തമാക്കി പായ്ക്ക് ചെയ്ത് ലഭ്യമാക്കും. ഒരേസ

മയം കല്ലെറിയുന്ന തീർഥാടകരുടെ എണ്ണം ഓരോ റൗണ്ടിലും ഒരു ഗ്രൂപ്പിൽ 50 പേരിൽ കവിയരുത്. ബസ്സുകളിൽ അൻപത് ശതമാനം ആളുകളെ മാത്രമെ യാത്രചെയ്യാൻ അനുവദിക്കാവൂ. ബസ് ജീവനക്കാർ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണം. ടോയ്‌ലറ്റുകളും മറ്റിടങ്ങളും കൃത്യമായ ഇടവേളകളിൽ ശുചീകരിക്കാൻ സംവിധാനം ഉണ്ടാകും. ഓരോരുത്തരും വ്യക്തിശുദ്ധി ഉറപ്പുവരുത്തണം. ഹജ്ജിനിടയിൽ രോഗലക്ഷണങ്ങൾ കണ്ടാൽ അവർക്ക് ഉടൻ വൈദ്യസഹായം ലഭ്യമാക്കും. അത്തരം ആളുകൾക്ക് ആരോഗ്യ വിദഗ്ധരുടെ നിർദേശാനുസരണം കർമങ്ങൾ ചെയ്യാനുള്ള സാഹചര്യം ഒരുക്കും. ഹജ്ജിന്റെ കർമങ്ങൾ നടക്കുന്ന മുഴുവൻ സ്ഥലങ്ങളിലും ശക്തമായ പരിശോധനയും സുരക്ഷാ ക്രമീകരണങ്ങളും പതിവിൽനിന്നും വ്യത്യസ്തമായി നേരത്തെ തന്നെ ആരംഭിച്ചിട്ടുണ്ട്. പുണ്യ നഗരിയിലേക്കുള്ള മുഴുവൻ പ്രവേശനകവാടങ്ങളും ദുൽക്വഅ്ദ് 28 മുതൽ അടച്ചു. പാസ്സുള്ളവർക്കും മക്ക ഇക്വാമയുള്ളവർക്കും മാത്രമാണ് ഇപ്പോൾ പ്രവേശനം. ദുൽഹിജ്ജ 10 വരെ ഈ നിയന്ത്രണങ്ങൾ തുടരും. ഹജ്ജ് കർമം പൂർത്തീകരിച്ച് തീർഥാടകർ മുഴുവൻ സുരക്ഷിതരായി മടങ്ങുന്നതുവരെ വളരെ ആസൂത്രിതമായ ക്രമീകരണങ്ങളാണ് സുഊദി ഭരണകൂടം ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തം.

കഴിഞ്ഞവർഷം ഏകദേശം 27 ലക്ഷം പേരാണ് ഹജ്ജ് നിർവഹിച്ചത്. അതിൽ 18 ലക്ഷം പേരും വിദേശരാജ്യങ്ങളിൽ നിന്നും എത്തിയവരായിരുന്നു. ലോകത്തിന്റെ അഷ്ടദിക്കുകളിൽനിന്നും ഒഴുകിയെത്തുന്ന വിശ്വാസിസമൂഹത്തെ വരവേൽക്കാൻ മാസങ്ങൾ നീളുന്ന മുന്നൊരുക്കങ്ങളാണ് സാധാരണയായി സുഊദി ഭരണകൂടം നടത്താറുള്ളത്. തീർഥാടകരുടെ എണ്ണം കുറവാണ് എങ്കിലും മുകളിൽ സൂചിപ്പിച്ചത് പോലെ കോവിഡിന്റെ പശ്ചാത്തലത്തിൽ വലിയ മുന്നൊരുക്കങ്ങൾ തന്നെയാണ് ഈ വർഷവും അധികാരികൾ നടത്തിയിട്ടിയുള്ളത്.

ഇന്ത്യയിൽനിന്നും ഈ വർഷം ഹജ്ജിനായി 2.3 ലക്ഷത്തോളം പേർക്കാണ് അനുമതി ലഭിച്ചിരുന്നത്. ഹജ്ജിന് വരാൻ സാധിക്കാത്ത സാഹചര്യത്തിൽ അവരുടെ പണം തിരിച്ചുനൽകും എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. ഈ വർഷം ഹജ്ജിനായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് അടുത്തവർഷം നേരിട്ട് സെലക്ഷൻ നൽകണം എന്ന നിർദേശം കേരളം മുന്നോട്ട് വെച്ചിട്ടുണ്ടെങ്കിലും അതിൽ കേന്ദ്രസർക്കാർ ഇതുവരെ നയം വ്യക്തമാക്കിയിട്ടില്ല.

ഈ വർഷത്തെ ഹജ്ജിന്റെ ഭാഗമാവാൻ കൊതിച്ച ലക്ഷക്കണക്കിന് വിശ്വാസികൾക്ക് അല്ലാഹുവിന്റെ അലംഘനീയമായ വിധിയുടെഭാഗമായി പുണ്യഭൂമിയിൽ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. ഹജ്ജിന് ഒരുക്കങ്ങൾ നടത്തി, മനസ്സും ശരീരവും അതിന് തയ്യാറായി നിന്നവർക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാവട്ടെ. അവർക്ക് അടുത്ത ഹജ്ജിന്റെ ഭാഗമായി തങ്ങളുടെ ആഗ്രഹസഫലീകരണം സാധ്യമകട്ടെ എന്നും നമുക്ക് പ്രാർഥിക്കാം. എന്നാൽ വിശ്വാസികൾക്ക് ഒരിക്കലും നിരാശയുണ്ടാവില്ല. ലോകൈകനാഥനായ അല്ലാഹുവിന്റെ നിയമനിർദേശങ്ങൾ ശിരസ്സാവഹിച്ചുകൊണ്ടാണ് ഹജ്ജിന് പോകാൻ അവർ ഓരോരുത്തരും തീരുമാനിച്ചത്. അതിന് സാധ്യമാകാത്ത സാഹചര്യവും അവന്റെ വിധി തന്നെ. രണ്ടും വിശ്വാസി മനസ്സുകളിൽ അല്ലാഹുവിലുള്ള വിശ്വാസവും ഭയഭക്തിയും വർധിക്കാൻ മാത്രമെ കാരണമാവുകയുള്ളൂ; അതോടൊപ്പം അവനിലുള്ള പ്രതീക്ഷയും.

ഹജ്ജ് ആത്മാർഥമായ ഒരു ത്യാഗ പരിശ്രമമാണ്. അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി കാതങ്ങൾ താണ്ടിയാണ് വിശ്വാസികൾ പുണ്യഭൂമിയിൽ എത്തിച്ചേരുന്നത്. മനസ്സും ശരീരവും അല്ലാഹുവിന്റെ കാരുണ്യത്തിനും പാപമോചനത്തിനും വേണ്ടി കൊതിച്ച് വിനീത വിധേയനായി മാറുകയാണ് ഇവിടെ. വർണ, വർഗ, വേഷ, ദേശ, ഭാഷ, ധനിക, ദരിദ്ര വൈജാത്യങ്ങൾക്ക് ഒരുതരിമ്പും ഇടമില്ലാത്ത സംഗമം. അല്ലാഹു ക്വുർആനിലൂടെ ലോകത്തിന് കൈമാറിയ വിശ്വമാനവികതയുടെ അന്യൂനമാതൃകയുടെ നേർക്കാഴ്ച.

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

ലോകത്തെ അതുല്യമായ ഈ സംഗമം വിശ്വാസിമനസുകളിൽ തീർക്കുന്ന പ്രതിഫലനങ്ങൾ അനന്തവും അവർണനീയവുമാണ്. ലോകത്തിന്റെ സ്രഷ്ടാവും സംരക്ഷകനും യജമാനനുമായ അല്ലാഹുവിന്റെ അതിഥികളായി മാറാൻ ഭാഗ്യംലഭിക്കുക എന്നതുതന്നെ വിശ്വാസിയെ സംബന്ധിച്ചിടത്തോളം

ഈ ലോകത്ത് ലഭിക്കാവുന്ന ഏറ്റവും വലിയ അംഗീകാരം തന്നെയാണ്. ഋജു മനസ്കനായി ഹജ്ജിന് വേണ്ടി എത്തിച്ചേർന്നവർക്ക് ഈ അംഗീകാരത്തിന്റെ കുളിർമയും മാധുര്യവും വേണ്ടുവോളം നുകരാൻ സാധിക്കും. ജനിച്ചുവീണ കുഞ്ഞിന്റെ നിഷ്കളങ്കമായ ഹൃദയത്തിന് ഉടമയാവാൻ സാധ്യമാവുക എന്നത് ഹജ്ജിന്റെ മറ്റൊരു സമ്മാനമാണ്. അല്ലാഹു നമുക്ക് വാഗ്ദാനം ചെയ്യുന്ന ഏറ്റവും വലിയ സമ്മാനങ്ങളിൽ ഒന്ന്. വർഷങ്ങൾ നീണ്ട ജീവിതത്തിൽ അറിഞ്ഞും അറിയാതെയും വന്നുപോയ പാപങ്ങൾ കളങ്കിതമാക്കിയ ഹൃദയത്തെ സംശുദ്ധമാക്കാൻ ലഭിക്കുന്ന ഈ സുവർണാവസരം എന്തുമാത്രം ധാന്യമാണ്! അല്ലാഹുവിനെ മാത്രം ആരാധിച്ച്, അവന്റെ നിയമനിർദേശങ്ങൾ ജീവിത വെളിച്ചമാക്കി മാറ്റിയ വിശ്വാസിക്ക് അനൽപമായ സന്തോഷവും ആത്മനിർവൃതിയും ഹജ്ജ് സമ്മാനിക്കുന്നുണ്ട്.

വിശ്വാസി സമൂഹം ഏറെ പ്രതീക്ഷയോടെയാണ് ഈ മഹാമാരി കാലത്തെ ഹജ്ജിനെ കാണുന്നത്. ലോകത്തെ മുഴുവൻ പിടിച്ചുകുലുക്കിയ ഒരു വൈറസിന് മുമ്പിൽ മനുഷ്യൻ വിറങ്ങലിച്ച് നിൽക്കുകയാണ്. നേട്ടങ്ങളുടെ നീണ്ടപട്ടിക നിരത്തി സ്വയം അഹങ്കരിക്കുമ്പോഴും ഈ വൈറസിന് മുമ്പിൽ അക്ഷരാർഥത്തിൽ സ്തബ്ധരായിമാറി മാനവർ! എന്തുചെയ്യണമെന്നറിയാതെ അവർ കൈമലർത്തി. മരണഭയം പിടികൂടാത്ത ഒരാളെപ്പോലും ഈ കൊറോണക്കാലത്ത് കാണാൻ കഴിയുമെന്ന് തോന്നുന്നില്ല. അത്രമേൽ മനുഷ്യന്റെ മനസ്സിനെ ഈ മഹാമാരി ഗ്രസിച്ചിരിക്കുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ എങ്ങും പോവാൻ സാധിക്കാതെ ഒറ്റപ്പെട്ടുപോയ ലക്ഷക്കണക്കിന് മനുഷ്യർ ഈ ദുരിതകാലം മാറിക്കിട്ടാൻ കൊതിക്കുന്നവർ തന്നെയാണ്. കുട്ടികളും യുവാക്കളും മുതിർന്നവരുമെല്ലാം ഈ ഭയത്തിന്റെ വലയിൽ അകപ്പെട്ടിരിക്കുന്നു എന്നതാണ് ദിനേന കേൾക്കുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. മഹാമാരിയെ ദൈവ നിഷേധികൾ വിശ്വാസികളെ ആക്ഷേപിക്കാനുള്ള അവസരമായി കണ്ടു. ഹജ്ജ് പോലും നിർത്തിവയ്ക്കും എന്ന് പ്രചാരണം നടത്താൻ അവർ തയ്യാറായി. എന്നാൽ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ആ വ്യാമോഹം ഇവിടെ തകർന്ന് വീണിരിക്കുകയാണ്.

രോഗം നൽകുന്നതും അത് ശമിപ്പിക്കുന്നതും അല്ലാഹു തന്നെയാണെന്ന് വിശ്വാസികൾ ഉറച്ച് വിശ്വസിക്കുന്നു. 'എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്' (ക്വുർആൻ 29:80).

രോഗം ഒരു പരീക്ഷണമാണെന്നും അത് നമ്മുടെ പാപങ്ങൾ കഴുകിക്കളയാൻ അല്ലാഹു നിശ്ചയിച്ചതാണെന്നും വിശ്വാസികളെ ഇസ്‌ലാമിക അധ്യാപനങ്ങൾ ഉണർത്തുന്നുണ്ട്. 'ചെറിയശിക്ഷ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇഹലോകത്തിലെ പരീക്ഷണങ്ങളാണ്. രോഗങ്ങളും ബുദ്ധിമുട്ടുകളും മനുഷ്യർക്ക് വന്നുഭവിക്കുന്ന മറ്റുപ്രയാസങ്ങളും പോലുള്ളവ. അവയെല്ലാംകൊണ്ട് അല്ലാഹു തന്റെ ദാസൻമാരെ പരീക്ഷിക്കുന്നു. അവർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നതിനത്രെ അത്' (ഇബ്നു കസീർ4:6/369)

പരീക്ഷണങ്ങളാവട്ടെ നമ്മുടെ ജീവിതത്തിന്റെ ഭാഗവുമാണ്. "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവമുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2:155).

"ഭൂമിയിൽ അവരെ നാം പല സമൂഹങ്ങളായി പിരിക്കുകയും ചെയ്തിരിക്കുന്നു. അവരുടെ കൂട്ടത്തിൽ സദ്‌വൃത്തരുണ്ട്. അതിന് താഴെയുള്ളവരും അവരിലുണ്ട്. അവർ മടങ്ങേണ്ടതിനായി നാം അവരെ നന്മകൾകൊണ്ടും തിന്മകൾ കൊണ്ടും പരീക്ഷിക്കുകയുണ്ടായി" (ക്വുർആൻ 7:168).

"അവരിൽ (മനുഷ്യരിൽ) പല വിഭാഗങ്ങൾക്ക് നാം ഐഹികജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് നിന്റെ ദൃഷ്ടികൾ നീ പായിക്കരുത്. അതിലൂടെ നാം അവരെ പരീക്ഷിക്കാൻ (ഉദ്ദേശിക്കുന്നു). നിന്റെ രക്ഷിതാവ് നൽകുന്ന ഉപജീവനമാകുന്നു കൂടുതൽ ഉത്തമവും നിലനിൽക്കുന്നതും" (ക്വുർആൻ 21:131).

"ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും" (ക്വുർആൻ 21:35).

ഇത്തരം പരീക്ഷണങ്ങൾ വരുമ്പോൾ അല്ലാഹുവിനെത്തന്നെ നിഷേധിക്കുന്നത് വിശ്വാസം മനസ്സിനെ സ്വാധീനിച്ചിട്ടില്ലാത്തവരാണ്. അവർ നഷ്ടകാരികളാണെന്ന് ക്വുർആൻ നമ്മെ ഉണർത്തുന്നു.

"ഒരു വക്കിലിരുന്നുകൊണ്ട് അല്ലാഹുവെ ആരാധിച്ചുകൊണ്ടിരിക്കുന്നവനും ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അവന്ന് വല്ല ഗുണവും വന്നെത്തുന്നപക്ഷം അതിൽ അവൻ സമാധാനമടഞ്ഞുകൊള്ളും. അവന്ന് വല്ല പരീക്ഷണവും നേരിട്ടാലോ, അവൻ അവന്റെ



പാട്ടിലേക്കുതന്നെ മറിഞ്ഞുകളയുന്നതാണ്. ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അതുതന്നെയാണ് വ്യക്തമായ നഷ്ടം" (ക്വുർആൻ 22:11).

മഹാമരിക്കാലത്തെ ഹജ്ജിനെ ഏറെ പ്രതീക്ഷയോടെ തന്നെയാണ് വിശ്വാസികൾ നോക്കിക്കാണുന്നത്. അറഫയിലെ ഏറ്റവും ശ്രേഷ്ഠമായ സംഗമത്തിൽ നരകമോചനവും പാപമോചനവും പരീക്ഷണങ്ങൾക്ക് അയവുനൽകാനും അല്ലാഹുവിനോട് ചോദിക്കാനുള്ള അമൂല്യമായ അവസരം വന്നെത്തുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള മുസ്‌ലിം സമൂഹം നോമ്പനുഷ്ഠിച്ച് ഈ സംഗമത്തിന്റെ ഭാഗമാവുമാവുകയും ചെയ്യുന്നു. ലോകത്തിന്റെ നന്മക്ക് വേണ്ടി അറഫാ മൈതാനിയിൽനിന്നും ഉയരുന്ന നിഷ്കളങ്കമായ പ്രാർഥന ഏതൊരു മുസ്‌ലിമിനും വലിയ പ്രതീക്ഷ സമ്മാനിക്കുന്നു.

ആഇശ﵁യിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞു: "അല്ലാഹു ഒരടിമയെ നരകത്തിൽനിന്നും മോചിപ്പിക്കാൻ ഏറെ ഇടയുള്ള ഒരു ദിനമായി അറഫാദിനത്തെക്കാൾ മറ്റൊന്നില്ല. അവൻ (അല്ലാഹു) അവരോടടുക്കുകയും മലക്കുകളോട് അവരെക്കുറിച്ച് പ്രശംസിച്ചുകൊണ്ട് 'അവരെന്താണ് ഉദ്ദേശിക്കുന്നത്' എന്ന് പറയുകയും ചെയ്യും" (മുസ്‌ലിം).

അതോടൊപ്പം വിശ്വാസികൾ ബലികർമം നിർവഹിക്കുകയും ചെയ്യുന്നു.

"ബലി ഒട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തിക്കൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ചുകൊണ്ട് ബലിയർപ്പി)ക്കുക. അങ്ങനെ അവ പാർശ്വങ്ങളിൽ വീണ് കഴിഞ്ഞാൽ അവയിൽനിന്നെടുത്ത് നിങ്ങൾ ഭക്ഷിക്കുകയും, (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ടുവരുന്നവന്നും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക. നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടി അവയെ നിങ്ങൾക്ക് അപ്രകാരം നാം കീഴ്പെടുത്തിത്തന്നിരിക്കുന്നു" (ക്വുർആൻ 22:35).

"അവയുടെ മാംസമോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ്മനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾ അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു. (നബിയേ,) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 22:37). ധർമനിഷ്ഠയുടെ പ്രതിഫലനമായിരിക്കണം നമ്മുടെ ജീവിതം; കർമങ്ങളും.

ആയിരത്തി നാനൂറിൽ പരം വർഷങ്ങൾക്കപ്പുറം ലോകത്തിന്റെ പ്രവാചകൻ മുഹമ്മദ് നബിﷺ നിർവഹിച്ച ഹജ്ജ് ചരിത്രത്തിന്റെ ഏടുകളിൽ തിളങ്ങിനിൽക്കുന്നു. നാം ഇന്ന് ചർച്ച ചെയ്തതുകൊണ്ടിരിക്കുന്ന നിരവധി പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണാൻ ഈ ചരിത്രപ്രസിദ്ധമായ ഹജ്ജിന്റെ ഭാഗമായി പ്രവാചകൻ ലോകത്തോട് വിളിച്ചുപറഞ്ഞ കാര്യങ്ങൾ ഒന്ന് കാതോർത്താൽ മതി:

"മനുഷ്യരേ, ഇത് സശ്രദ്ധം ശ്രവിക്കുക. ഈ കൊല്ലത്തിനു ശേഷം ഈ സ്ഥാനത്തുവെച്ച് ഇതുപോലെ ഇനി നാം കണ്ടുമുട്ടുമോ എന്ന് അറിഞ്ഞുകൂടാ. മനുഷ്യരേ, ഈ പ്രദേശത്തിന്റെ, ഈ മാസത്തിന്റെ, ഈ സുദിനത്തിന്റെ പവിത്രതപോലെ നിങ്ങൾ നിങ്ങളുടെ രക്തത്തിനും അഭിമാനത്തിനും സമ്പത്തിനും പരസ്പരം ആദരവ് കൽപിക്കേണ്ടതാണ്..."

ജീവൻ, അഭിമാനം, സമ്പത്ത് എന്നിവ പവിത്രമാണെന്നും അവയോട് എന്നും ആദരവ് കൽപിക്കണമെന്നുമുള്ള പ്രഖ്യാപനം മാനവികതയുടെ ഉദ്ഘോഷണമാണ്. ഇത് ലോകം ചെവിക്കൊണ്ടാൽ ഇന്നനുഭവിക്കുന്ന ഒട്ടുമിക്ക പ്രതിസന്ധികൾക്കും ശാശ്വത പരിഹാരമാവും. മഹാമാരിക്കാലത്തെ ഹജ്ജ് ലോകർക്ക് പുനർ വിചിന്തനത്തിനുള്ള അവസരമാവട്ടെ എന്ന് പ്രത്യാശിക്കാം.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 63, ഭാഗം: 3

# മുനാഫിഖൂൻ (കപടവിശ്വാസികൾ)

(മദീനയിൽ അവതരിച്ചത്)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تُلۡهِكُمۡ أَمۡوَٰلُكُمۡ
وَلَآ أَوۡلَٰدُكُمۡ عَن ذِكۡرِ ٱللَّهِۚ
وَمَن يَفۡعَلۡ ذَٰلِكَ فَأُوْلَٰٓئِكَ هُمُ
ٱلۡخَٰسِرُونَ ﴿٩﴾
وَأَنفِقُواْ مِن مَّا رَزَقۡنَٰكُم مِّن قَبۡلِ أَن
يَأۡتِيَ أَحَدَكُمُ ٱلۡمَوۡتُ فَيَقُولَ رَبِّ
لَوۡلَآ أَخَّرۡتَنِيٓ إِلَىٰٓ أَجَلٖ قَرِيبٖ
فَأَصَّدَّقَ وَأَكُن مِّنَ ٱلصَّٰلِحِينَ ﴿١٠﴾
وَلَن يُؤَخِّرَ ٱللَّهُ نَفۡسًا إِذَا جَآءَ أَجَلُهَاۚ
وَٱللَّهُ خَبِيرُۢ بِمَا تَعۡمَلُونَ ﴿١١﴾

9. സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽനിന്ന് നിങ്ങളുടെ ശ്രദ്ധതിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാണ് നഷ്ടക്കാർ.

10. നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്.

11. ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടികൊടുക്കുകയേ ഇല്ല. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.

9). അല്ലാഹുവിനുള്ള ദിക്ർ (സ്മരണ) വർധിപ്പിക്കാനാണ് തുടർന്ന് അല്ലാഹു നിർദേശിക്കുന്നത്. അതിൽ ലാഭവും വിജയവുമുണ്ട്, ധാരാളം നന്മകളും. അവന്റെ സ്മരണയിൽ നിന്ന് മക്കളും സന്താനങ്ങളും തടയുന്നതിനെ വിലക്കുകയും ചെയ്യുന്നു. അധിക മനസ്സുകൾക്കും സ്വത്തിനോടും സന്താനങ്ങളോടും അമിതസ്നേഹമുള്ള പ്രകൃതമാണ്. അത് അല്ലാഹുവിനോടുള്ള സ്നേഹത്തെക്കാൾ അവയ്ക്ക് മുൻഗണന നൽകും. അത് വമ്പിച്ച് നഷ്ടമാണ്.

(ആർ അങ്ങനെ ചെയ്യുന്നുവോ) സമ്പത്ത് കൊണ്ടും മക്കളെക്കൊണ്ടും അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അശ്രദ്ധമാവുക. (അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ) ശാശ്വത സൗഭാഗ്യവും നിത്യസുഖാനുഗ്രഹങ്ങളും നഷ്ടപ്പെട്ടവർ. എന്നെന്നും അവശേഷിക്കുന്നതിന് പകരം നശിക്കുന്നതിനെയാണ് അവർ തെരഞ്ഞെടുത്തത്.

إِنَّمَآ أَمۡوَٰلُكُمۡ وَأَوۡلَٰدُكُمۡ فِتۡنَةٞۚ وَٱللَّهُ عِندَهُۥٓ أَجۡرٌ عَظِيمٞ

"നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്" (64:15).

10). നിങ്ങൾക്ക് നാം നൽകിയതിൽനിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക) സകാത്ത്, പ്രായശ്ചിത്തം പോലുള്ള നിർബന്ധ ദാനങ്ങൾ, ഭാര്യമാർക്കും അടിമകൾക്കും ചെലവുകൊടുക്കൽ മുതലായവയെല്ലാം ഇതിലുൾപ്പെടും. എല്ലാ നല്ല കാര്യങ്ങൾക്കും നൽകുന്ന ഐച്ഛിക ദാനങ്ങളും ഉൾപ്പെടുത്താം.

(നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന്) ഇതിൽ നിന്ന് മനസ്സിലാകുന്നത് ജനങ്ങൾക്ക് പ്രയാസവും ബുദ്ധിമുട്ടും ഉണ്ടാക്കുന്ന വിധം അവരെ നിർബന്ധക്കില്ലെന്നാണ്. അവരോട് നൽകാൻ നിർദേശിക്കുകയും അതിനുള്ള വഴികൾ സൗകര്യപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നു. അതിനാൽ സമ്പത്ത് ലഭിച്ചവർ നന്ദി കാണിക്കണം; ആവശ്യക്കാർക്കും സഹോദരങ്ങൾക്കും സഹായങ്ങൾ ചെയ്തുകൊണ്ട്.അതിന് മരണം വന്നെത്തുംമുമ്പ് ധൃതികാണിക്കുകയും വേണം. മരണം വന്നാൽ ഒരണുമണി തൂക്കം നന്മ പോലും ചെയ്യാനാവില്ല. (നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിന് മുമ്പായി) സാധിക്കുന്ന സമയത്ത് വീഴ്ച വരുത്തിയതിലുള്ള അതീവ ദുഃഖം കാരണം അവനൊരു തിരിച്ചുവരവിന് ആവശ്യപ്പെട്ടു. അതാവട്ടെ, അസാധ്യവുമാണ്. (എന്റെ രക്ഷിതാവേ, അടുത്ത ഒരവധിവരെ നീ എനിക്കെന്താണ് നീട്ടിത്തരാത്തത്) വീഴ്ച വന്നതിലെല്ലാം ഞാൻ തിരിച്ചറിഞ്ഞു പ്രവർത്തിക്കാം.




(എങ്കിൽ ഞാൻ ദാനം നൽകുകയും) എന്റെ ധനത്തിൽനിന്ന്; നരകത്തിൽ നിന്ന് എനിക്ക് രക്ഷപ്പെടാനൊരു മുൻകരുതൽ. മഹത്തായ പ്രതിഫലത്തിന് ഞാൻ അർഹനാവുകയും ചെയ്യാം.

(സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്) എല്ലാ കൽപനകളും നിർവഹിച്ച്; നിഷിദ്ധങ്ങളെല്ലാം ഉപേക്ഷിച്ച്. ഹജ്ജും മറ്റു കർമങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടും.

11). ഈ ചോദ്യത്തിന്റെയും വ്യാമോഹത്തിന്റെയും സമയം കഴിഞ്ഞു. അതിനി തിരിച്ചുകിട്ടുക സാധ്യമല്ല. (ഒരാൾക്കും അയാളുടെ അവധി വന്നെത്തിയാൽ അല്ലാഹു നീട്ടിക്കൊടുക്കുകയേ ഇല്ല). ആ അവധി സുനിശ്ചിതമാണ്. (അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു). നന്മതിന്മകൾ പ്രവർത്തിച്ചതിനുള്ള പ്രതിഫലം നൽകും; ഉദ്ദേശ്യവും പ്രവർത്തനവും പരിഗണിച്ച്. **(അവസാനിച്ചു)**

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# തവക്കുലും കാര്യകാരണ ബന്ധങ്ങളെ സമീപിക്കലും

ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശമായ ഏകദൈവ വിശ്വാസത്തിന്റെ (തൗഹീദ്) അതിപ്രധാനമായ ഒരു ആശയമാണ് 'തവക്കുൽ' അഥവാ ഭരമേൽപിക്കൽ. സൃഷ്ടികളായ നമ്മുടെ കഴിവിൽപെട്ട കാര്യങ്ങൾ നാം ചെയ്ത ശേഷം അതിനപ്പുറത്തുള്ളതൊക്കെ ലോകസ്രഷ്ടാവും സംരക്ഷകനും നിയന്താവുമായ അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് മുന്നേറുക എന്നതാണ് തവക്കുലിന്റെ താൽപര്യം. അല്ലാഹുവിന്റെ അറിവും തീരുമാനവുമില്ലാതെ ചെറുതും വലുതുമായ യാതൊരു കാര്യവും സംഭവിക്കുകയില്ല എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അല്ലാഹു സർവശക്തനും അളവറ്റ ദയാപരനുമാണ്. അതുകൊണ്ട് ഏതൊരു ആവശ്യപൂർത്തീകരണത്തിനും ആഗ്രഹസഫലീകരണത്തിനും അല്ലാഹുവിനെയാണ് ആത്യന്തികമായി നാം ആശ്രയിക്കേണ്ടത്; അല്ലാതെ ദുർബലരായ സൃഷ്ടികളെയല്ല. നമുക്ക് ഉപകാരമുള്ളത് വരുത്തുവാനും ഉപദ്രവം തടയുവാനും അവന്ന് മാത്രമെ സാധിക്കുകയുള്ളൂ.

അല്ലാഹു പറയുന്നു: "പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെമേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്" (ക്വുർആൻ 9:51).

ഒരിക്കൽ നബിﷺയോടൊപ്പം വാഹനപ്പുറത്ത് സഞ്ചരിക്കേ, കുട്ടിയായിരുന്ന പ്രവാചകാനുചരൻ ഇബ്നു അബ്ബാസി(റ)നോട് നബിﷺ പറഞ്ഞു: "മോനേ, ഞാൻ നിനക്ക് ചില കാര്യങ്ങൾ പഠിപ്പിച്ചുതരാം. നീ അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കുക. അല്ലാഹു നിന്നെ കാത്തു സംരക്ഷിക്കും. നീ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ച് ജീവിക്കുക. എങ്കിൽ, അവനെ നിനക്കു മുമ്പിൽ സമാശ്വാസമായി കണ്ടെത്താം. മോനേ, നീ അറിയണം. ലോകം ഒന്നടങ്കം നിനക്ക് വല്ല ഉപകാരവും ചെയ്തുതരുവാൻ വേണ്ടി സംഘടിച്ചു എന്നിരിക്കട്ടെ, എന്നാൽ അല്ലാഹു നിശ്ചയിച്ചിട്ടില്ലാത്ത യാതൊരു ഉപകാരവും അവർക്ക് നിനക്കായി ചെയ്തുതരാൻ സാധിക്കുകയില്ല. ഇനി അവരെല്ലാവരും കൂടി നിനക്ക് വല്ല ഉപദ്രവവും വരുത്താൻ സംഘടിച്ചു എന്നിരിക്കട്ടെ, അല്ലാഹു നിശ്ചയിച്ചതല്ലാത്ത യാതൊരു ദ്രോഹവും നിനക്ക് വരുത്താൻ അവർക്കാർക്കും സാധിക്കുകയില്ല" (അഹ്മദ്, തുർമുദി, ഹാകിം).

ഇസ്‌ലാമിക വിശ്വാസത്തിന്റെ വലിയൊരു പാഠമാണ് നബിﷺ ഇവിടെ പഠിപ്പിക്കുന്നത്. നിരാശയെയും അഹന്തയെയും അറുത്തുമാറ്റി സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആശ്രയിച്ചും അവലംബിച്ചും അവനിൽ പരിപൂർണമായ വിശ്വാസമർപ്പിച്ചും അല്ലാഹുവിനെക്കുറിച്ചുള്ള സദ്‌വിചാരങ്ങൾ കൊണ്ട് മനസ്സ് നിറച്ചും അവന്റെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചും അവന്റെ തീരുമാനങ്ങളിൽ പരിപൂർണ സംതൃപ്തി രേഖപ്പെടുത്തിയും കൊണ്ട് ജീവിക്കുന്ന ഒരു യഥാർഥ വിശ്വാസിക്ക് ലഭിക്കുന്ന നിർഭയത്വവും സമാധാനവും അനിർവചനീയമാണ്.


എന്റെ ആൾക്കാർ, എന്റെ സമ്പത്ത്, എന്റെ അധികാരം തുടങ്ങി അല്ലാഹു അല്ലാത്ത എല്ലാറ്റിൽ നിന്നും ഒഴിവായി പരമകാരുണികനും അളവറ്റ ദയാപരനും സർവശക്തനുമായ അല്ലാഹുവിലേക്ക് മാത്രം തിരിയാനും അവനെ മാത്രം ആശ്രയിക്കാനും ഈ വിശ്വാസം ഒരാളെ പ്രാപ്തനാക്കുന്നു. സത്യസന്ധമായി അല്ലാഹുവിനെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യുമ്പോൾ നേരായ മാർഗത്തിൽ നിലകൊള്ളാനും പടച്ചവന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് നിഷിദ്ധങ്ങളിൽനിന്നും സർവ തിന്മകളിൽ നിന്നും വിട്ടുനിൽക്കാനും അയാൾക്കത് പ്രചോദനമാകുന്നതാണ്. തന്റെ ബാധ്യതകൾ നിറവേറ്റി അതിനപ്പുറമുള്ള നന്മകൾക്കായി പടച്ചവനെ ആശ്രയിച്ചും അവലംബിച്ചും അവനോട് പ്രാർഥിച്ചും മുന്നേറുന്ന ഒരു യഥാർഥ വിശ്വാസി ഒരിക്കലും മടിയനോ നിരാശനോ ആവുകയില്ല. സത്യവിശ്വാസത്തിന്റെ കരുത്തനുസരിച്ച് ഈ ഗുണങ്ങളെല്ലാം അയാളിൽ ശക്തമായിക്കൊണ്ടിരിക്കും. അഥവാ സത്യവിശ്വാസത്തിന്റെ തേട്ടമാണ് ഇതൊക്കെയും.

അല്ലാഹു പറയുന്നു: "മൂസാ പറഞ്ഞു: എന്റെ ജനങ്ങളേ,നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ അവന്റെമേൽ നിങ്ങൾ ഭരമേൽപിക്കുക-നിങ്ങൾ അവന്ന് കീഴ്പെട്ടവരാണെങ്കിൽ" (ക്വുർആൻ 10:84).

അല്ലാഹുവും അവന്റെ ദൂതനും അല്ലാഹുവിനെക്കുറിച്ച് പറഞ്ഞുതന്ന കാര്യങ്ങളിലൂടെ അല്ലാഹുവിനെപ്പറ്റി കൂടുതൽ കൂടുതൽ അറിയുമ്പോൾ ഈ ആശ്രയബോധം അഥവാ 'തവക്കുൽ' രൂഢമൂലമാകുന്നതാണ്. തവക്കുലുമായി ബന്ധപ്പെട്ട് ക്വുർആൻ പ്രതിപാദിച്ച വചനങ്ങൾ ശ്രദ്ധിച്ചാൽ ഈ വസ്തുത ബോധ്യപ്പെടുന്നതാണ്. അല്ലാഹുവിന്റെ അതുല്യമായ നാമങ്ങളും വിശേഷണങ്ങളും അവിടങ്ങളിലൊക്കെ ആവർത്തിച്ചു വന്നിട്ടുള്ളതായി കാണാം.

"ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനിൽ നീ ഭരമേൽപിക്കുക. അവനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുക. തന്റെ ദാസൻമാരുടെ പാപങ്ങളെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനായിട്ട് അവൻ തന്നെ മതി" (ക്വുർആൻ 25:58).

"എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. യാതൊരു ജന്തുവും അവൻ അതിന്റെ നെറുകയിൽ പിടിക്കുന്ന(നിയന്ത്രിക്കുന്ന)തായിട്ടില്ലാതെയില്ല. തീർച്ചയായും എന്റെ രക്ഷിതാവ് നേരായ പാതയിലാകുന്നു" (ക്വുർആൻ 11:56).



ഈയൊരു ആദർശവലയത്തിലാണ് ഒരു വിശ്വാസി വളരുന്നതെങ്കിൽ മനസ്സമാധാനവും സ്ഥിരോത്സാഹവും വിനയവും മാനസികസംതൃപ്തിയും നിർഭയത്വവുമെല്ലാം അയാൾക്കുണ്ടാകും. വീട്ടിൽനിന്നിറങ്ങുന്നതു മുതൽ കിടപ്പറയിലേക്ക് പോകുന്നതുവരെ അതിനുതകുന്ന വിധത്തിലുള്ള പ്രാർഥനകളും കീർത്തനങ്ങളുമായി കഴിയുവാനാണ് മുഹമ്മദ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്.

ഇങ്ങനെ എല്ലാ അർഥത്തിലും തൗഹീദും തവക്കുലുമായി ഇഴചേർന്നുകൊണ്ടാണ് സത്യവിശ്വാസിയുടെ ഒരോ നിമിഷവും കടന്നുപോകുന്നത്. എന്നാൽ ഈ ഭൗതികലോകത്ത് ഓരോ കാര്യത്തിനും പടച്ചവൻ വ്യവസ്ഥപ്പെടുത്തിയ കാരണങ്ങളെ സമീപിക്കുന്നത് ഈ വിശ്വാസത്തിനും ആദർശത്തിനും ഒരിക്കലും എതിരല്ല. പ്രത്യുത അത് തവക്കുലിന്റെ ഭാഗം തന്നെയാണ്.

"ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്കുമുമ്പ് ദൂതൻമാരിൽ ആരെയും നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങൾ ക്ഷമിക്കുമോ എന്ന് നോക്കാനായി നിങ്ങളിൽ ചിലരെ ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുന്നു. (നിന്റെ രക്ഷിതാവ് (എല്ലാം) കണ്ടറിയുന്നവനാകുന്നു" (ക്വുർആൻ 25:20).

ക്വുർആനിലെ ഈ വചനം വിവരിക്കുമ്പോൾ ഇമാം ക്വുർത്വുബി തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. കാരണങ്ങളെ സമീപിക്കൽ അല്ലാഹു നിശ്ചയിച്ച നടപടിക്രമങ്ങളുടെ ഭാഗവും പ്രവാചകചര്യയിൽ പെട്ടതുമാണ് എന്ന് പറഞ്ഞ ശേഷം അതിന് ഉപോൽബലകമായി ധാരാളം തെളിവുകൾ നിരത്തുകയും ചെയ്യുന്നുണ്ട് അദ്ദേഹം. ശത്രുക്കളെ നേരിടാനുള്ള സന്നാഹങ്ങളൊരുക്കുവാൻ അല്ലാഹു പറഞ്ഞു:

"അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും കെട്ടിനിർത്തിയ കുതിരകളെയും നിങ്ങൾ ഒരുക്കുക. അതുമുഖേന അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവെയും അവർക്ക് പുറമെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റുചിലരെയും നിങ്ങൾ ഭയപ്പെടുത്തുവാൻ വേണ്ടി. നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ഏതൊരു വസ്തു ചെലവഴിച്ചാലും നിങ്ങൾക്കതിന്റെ പൂർണമായ പ്രതിഫലം നൽകപ്പെടും. നിങ്ങളോട് അനീതി കാണിക്കപ്പെടുന്നതല്ല" (ക്വുർആൻ 8:60).

മൂസാ നബിعليه السلامയോട് അല്ലാഹു പറഞ്ഞു: "അപ്പോൾ നാം മൂസായ്ക്ക് ബോധനം നൽകി; നീ നിന്റെ വടികൊണ്ട് കടലിൽ അടിക്കൂ എന്ന്. അങ്ങനെ അത് (കടൽ) പിളരുകയും എന്നിട്ട് (വെള്ളത്തിന്റെ) ഓരോ പൊളിയും വലിയ പർവതം പോലെ ആയിത്തീരുകയും ചെയ്തു" (ക്വുർആൻ 26:63).

ഈ തലത്തിൽ അല്ലാഹുവിനെ അവലംബിച്ചും അവനിൽ ഭരമേൽപിച്ചും ജീവിക്കുന്നവരെ പ്രത്യേകമായി അല്ലാഹു സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നതാണ്.

അല്ലാഹു പറയുന്നു: "(നബിയേ,) അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽനിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്. നിങ്ങളെ അല്ലാഹു സഹായിക്കുന്നപക്ഷം നിങ്ങളെ തോൽപിക്കാനാരുമില്ല. അവൻ നിങ്ങളെ കൈവിട്ടുകളയുന്ന പക്ഷം അവന്നുപുറമെ ആരാണ് നിങ്ങളെ സഹായിക്കാനുള്ളത്? അതിനാൽ സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ" (ക്വുർആൻ 3:159.160).





മൂസാ നബി(അ) വടികൊണ്ട് അടിക്കാതെ തന്നെ ചെങ്കടൽ പിളർത്താൻ കഴിവുള്ളവനാണല്ലോ അല്ലാഹു. എന്നിട്ടും അദ്ദേഹത്തോട് വടികൊണ്ട് അടിക്കുവാൻ അല്ലാഹു പറഞ്ഞു.

അപ്രകാരം തന്നെ മർയം ബീവിയോട് പറഞ്ഞു: "നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചു കുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്' (ക്വുർആൻ 19:25).

മറിയം ഈത്തപ്പന കുലുക്കാതെ തന്നെ പാകമായ ഈത്തപ്പഴം വീഴ്ത്തിക്കൊടുക്കാൻ അല്ലാഹുവിന് കഴിയുന്നതാണ്. എന്നിട്ടും അവരോട് അങ്ങനെ ചെയ്യുവാൻ പ്രത്യേകം നിർദേശിച്ചതും ശ്രദ്ധേയമാണ്.

ഇതോടൊപ്പം തന്നെ ഏതെങ്കിലും വ്യക്തികളെ അവരുടെ സ്വന്തം കാര്യത്തിലോ അവർ മുഖേന മറ്റുള്ളവരുടെ കാര്യത്തിലോ അല്ലാഹു ആദരിക്കുകയോ സഹായിക്കുകയോ ചെയ്യുന്നതും നിഷേധിക്കാനാവുന്നതല്ല. എന്നാൽ അതിന്റെ പേരിൽ മതം പഠിപ്പിച്ച ഈ പൊതുതത്ത്വങ്ങളെയോ മാന്യമായ നിർദേശങ്ങളെയോ നിരാകരിക്കാൻ ഒരിക്കലും സാധിക്കുകയില്ല.

ആകാശത്തുനിന്ന് അല്ലാഹു 'രിസ്ക്' ഇറക്കിത്തരും എന്നു പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞ് വെറുതെയിരിക്കാൻ പറ്റുമോ? വിശുദ്ധ ക്വുർആൻ 51:22ൽ പറഞ്ഞതിന്റെ വിവക്ഷ ('ആകാശത്തുനിന്ന് നിങ്ങൾക്കുള്ള ഉപജീവനവും നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്') മഴയാണെന്നതിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ വിയോജിപ്പില്ല. കാരണം അല്ലാഹു തന്നെ മറ്റ് വചനങ്ങളിലൂടെ അത് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അവനാണ് നിങ്ങൾക്ക് തന്റെ ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നത്. ആകാശത്തുനിന്ന് അവൻ നിങ്ങൾക്ക്ഉപജീവനം ഇറക്കിത്തരികയും ചെയ്യുന്നു. (അവങ്കലേക്ക്) മടങ്ങുന്നവർ മാത്രമെ ആലോചിച്ച് ഗ്രഹിക്കുകയുള്ളൂ" (ക്വുർആൻ 40:13)

"ആകാശത്തുനിന്ന് നാം അനുഗൃഹീതമായ വെള്ളം വർഷിക്കുകയും എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു. അടുക്കടുക്കായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും. (നമ്മുടെ) ദാസൻമാർക്ക് ഉപജീവനമായിട്ടുള്ളതത്രെ അവ. നിർജീവമായ നാടിനെ അതുമൂലം ജീവനുള്ളതാക്കുകയും ചെയ്തു. അപ്രകാരം തന്നെയാകുന്നു (ക്വബ്റുകളിൽനിന്നുള്ള) പുറപ്പാട്" (ക്വുർആൻ 50:9-11).

ആകാശത്തുനിന്ന് സൃഷ്ടികൾക്ക് ഭക്ഷണമായി റൊട്ടിയും മാംസവും വർഷിക്കപ്പെടുന്നത് നാമാരും കാണാറുമില്ല. മറിച്ച് അതിനുള്ള കാരണങ്ങളെ സമീപിക്കുവാനാണ് മതം പഠിപ്പിച്ചിട്ടുള്ളത്. നബി(സ) പറഞ്ഞു: "ഭൂമിയുടെ മടക്കുകളിലൂടെ നിങ്ങൾ ഉപജീവനം തേടുക" (ത്വബ്റാനി). ഇത് നബിവചനമായി സ്ഥിരപ്പെട്ടിട്ടില്ലെന്ന് ശൈഖ് അൽബാനി സ്ഥിരീകരിക്കുന്നുണ്ട് (സിൽസില-2489). ഇനി സ്ഥിരപ്പെട്ടാൽ തന്നെ 'കൃഷിചെയ്തും നിലംപാകപ്പെടുത്തിയും മറ്റുമൊക്കെ ഉപജീവനം കണ്ടെത്തുക' എന്നാണ് ഇതിലൂടെ നബി(സ) നിർദേശിക്കുന്നത് എന്ന് മനസ്സിലാക്കാം.

അവിടുന്ന് പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ കയറെടുത്ത് വിറക് ശേഖരിച്ച് ഉപജീവനം കണ്ടെത്തലാണ് ആളുകളോട് യാചിക്കുന്നതിനെക്കാൾ ഉത്തമം. അവർ തരട്ടെ, തരാതിരിക്കട്ടെ" (ബുഖാരി).

ചില സ്വഫീചിന്താഗതിക്കാർ ധരിച്ചതുപോലെ ജനങ്ങളിൽനിന്ന് അകന്ന് വല്ല മലമുകളിലും കഴിഞ്ഞുകൂടലാണ് നല്ലതെങ്കിൽ ഇങ്ങനെ പറയുമായിരുന്നില്ല. നബി(സ) പറഞ്ഞു:



നബിﷺയോ അനുചരന്മാരോ പാഥേയമില്ലാതെ തങ്ങളുടെ യാത്രപുറപ്പെട്ടതായി യാതൊരു സംഭവവും ഉദ്ധരിക്കപ്പെട്ടുന്നില്ല. അവരാകട്ടെ യഥാർഥ 'തവക്കുലി'ന്റെ വക്താക്കളാണെന്നതിൽ ഒരാൾക്കും സംശയമുണ്ടാവുകയുമില്ല. അപ്പോൾ 'തവക്കുൽ' എന്നത് അല്ലാഹു പ്രകൃതിയിൽ നിശ്ചയിച്ച കാരണങ്ങളെയും ലക്ഷ്യത്തിലേക്കുള്ള മാധ്യമങ്ങളെയും പാടെ നിരാകരിക്കലല്ല. പ്രത്യുത ആവശ്യനിർവഹണത്തിനും ആഗ്രഹസഫലീകരണത്തിന്നും പരിപൂർണമായും അല്ലാഹുവിനെ ആശ്രയിക്കുകയും ഹൃദയം അവനുമായി ആത്മാർഥമായി ബന്ധിക്കലുമാണ് തവക്കുൽ. (കടപ്പാട്: തഫ്സീർ ക്വുർത്വുബി-25:20. വാ. 13, പേ.15).

അല്ലാഹു നിശ്ചയിച്ച പ്രകൃതിയിലെ കാരണങ്ങളെ ഉപയോഗപ്പെടുത്തൽ ഇസ്‌ലാം പഠിപ്പിക്കുന്ന തൗഹീദിനും തവക്കുലിനും എതിരല്ല എന്നതിന് നബിﷺ ജീവിതം തന്നെ തെളിവാണ്. പ്രസ്തുത കാരണങ്ങൾ സ്വീകരിക്കാൻ അവിടുന്ന് പലപ്പോഴും ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

നബിﷺ മക്കയിൽനിന്ന് മദീനയിലേക്ക് ദേശപരിത്യാഗം ചെയ്ത് (ഹിജ്റ) യാത്രപുറപ്പെട്ടപ്പോൾ ശത്രുക്കളുടെ കയ്യിൽ പെടാതിരിക്കാൻ ഊടുവഴികൾ അറിയുന്ന വിശ്വസ്തനായ അബ്ദുല്ലാഹിബ്നുൽ ഉറൈകിത് എന്ന അമുസ്‌ലിമായ വഴികാട്ടിയെ ഉപയോഗപ്പെടുത്തി. യാത്രക്കിടയിൽ 'ഥൗർ' ഗുഹയിൽ ഒളിച്ചിരുന്നു. അന്നപാനീയങ്ങൾ ഉപയോഗിച്ചു. രോഗംവന്നാൽ ചികിത്സിക്കുകയും ചികിത്സിക്കാനുപദേശിക്കുകയും ചെയ്തിട്ടുണ്ട്.

സ്വഹാബികൾ നബിﷺയോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ ചികിത്സിക്കട്ടെയോ? അവിടുന്ന് പറഞ്ഞു: 'അതെ, അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ ചികിത്സിച്ചോളൂ. തീർച്ചയായും ശമനം നിശ്ചയിച്ചിട്ടില്ലാത്ത ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല" (ബുഖാരി-അദ്ബുൽ മുഫ്റദ്, അബൂദാവൂദ്, തുർമുദി).

അപ്രകാരം തന്നെ നബിﷺ യുദ്ധത്തിൽ പടയങ്കി ധരിച്ചിട്ടുണ്ട്. ജീവിതാവശ്യങ്ങൾക്ക് കച്ചവടം ചെയ്തിട്ടുണ്ട്.

എന്നാൽ പ്രസ്തുത കാരണങ്ങളെ എല്ലാമെല്ലാമായിക്കണ്ട് ആശ്രയവും അവലംബവുമാക്കി പ്രാർഥനകളും മതത്തിന്റെ മാർഗനിർദേശങ്ങളും ഒഴിവാക്കുന്നത് അത്യന്തം ഗുരുതരവും ഇസ്‌ലാമിക വിശ്വാസ ആദർശങ്ങൾക്ക് എതിരുമാണ്.

നമ്മുടെ ആശ്രയവും അവലംബവും അല്ലാഹു മാത്രമാണ്. അവനോടാണ് നാം ആവലാതികൾ ബോധിപ്പിക്കേണ്ടതും പ്രാർഥിക്കേണ്ടതും. ബാക്കിയുള്ളവരെല്ലാം ദുർബലരും അശക്തനുമാണ്.

"നിങ്ങൾ അല്ലാഹുവിൽ തവക്കുലാക്കേണ്ട പോലെ തവക്കുലാക്കുകയാണെങ്കിൽ പക്ഷികൾക്ക് ഉപജീവനം നൽകപ്പെടുന്നപോലെ നിങ്ങൾക്കും നൽകപ്പെടുമായിരുന്നു. അവ പ്രഭാതത്തിൽ ഒട്ടിയ വയറുമായി കൂടുവിട്ട് പോകുന്നു. പ്രദോഷത്തിൽ നിറഞ്ഞ വയറുമായി കൂടണയുന്നു" (അഹ്മദ്, തുർമുദി). അവയുടെ കൂടുവിട്ടുള്ള പ്രയാണം ഒരു കാരണമാണ്; അല്ലാതെ അവ സ്വന്തം കൂടുകളിൽ മടിയന്മാരായി ചടഞ്ഞുകൂടുകയല്ല ചെയ്യുന്നത്.

എന്നാൽ തൗഹീദിന്റെയും തവക്കുലിന്റെയും പേരിൽ ഇത്തരം കാര്യകാരണ ബന്ധങ്ങളിൽനിന്നെല്ലാം വിട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നവരുടെ കാര്യമാണ് ഏറെ ആശ്ചര്യകരം! അവരിൽ പലരും നേരായ തെളിഞ്ഞ മാർഗം വിട്ട് വളഞ്ഞവഴികൾ പുൽകുന്നവരാണ്.

ഇബ്നുഅബ്ബാസ്رضي الله عنه പറഞ്ഞതായി ഇപ്രകാരം സ്വഹീഹുൽ ബുഖാരിയിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്: "യമനുകാരായ ചിലർ യാത്രയക്കാവശ്യമായ പാഥേയമൊരുക്കാതെ തങ്ങൾ തവക്കുലാക്കുകയാണെന്നും പറഞ്ഞ് ഹജ്ജിന് പോകുമായിരുന്നു. അപ്പോഴാണ് 'നിങ്ങൾ പാഥേയമൊരുക്കുക" (2:197) എന്ന വചനം അല്ലാഹു അവതരിപ്പിച്ചത്" (സ്വഹീഹുൽ ബുഖാരി: 1523).

അല്ലാഹു പറയുന്നു: "മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതൻമാരാകുന്നു. അല്ലാഹുവാകട്ടെ സ്വയം പര്യാപ്തനും സ്തുത്യർഹനുമാകുന്നു" (35:15).

ഇതിന് വിരുദ്ധമായി വന്നുപോകുന്ന വാക്കുകൾ വരെ സൂക്ഷിക്കണമെന്നാണ് നബിﷺ പഠിപ്പിച്ചത്. ചെറിയ ശിർക്കിന്റെ ഉദാഹരണങ്ങളായി പണ്ഡിതന്മാർ വിശദീകരിച്ച; 'നിങ്ങളില്ലായിരുന്നെങ്കിൽ ഞങ്ങൾ രക്ഷപ്പെടില്ലായിരുന്നു,' 'നിങ്ങൾ വിചാരിച്ചാൽ കാര്യം നടക്കും' എന്നീത്യാദി സംസാരങ്ങൾ പോലും നാം സൂക്ഷിക്കേണ്ടതുണ്ട്.

തവക്കുലിന്റെയും കാര്യകാരണങ്ങളുടെയും വിഷയത്തിൽ മനുഷ്യർക്ക് പലതരം പിഴവുകളുണ്ടായിട്ടുണ്ട്. ചിലർ അത്തരം കാരണങ്ങളെ പരമമായ ആശ്രയമായിക്കണ്ട് പ്രാർഥനയും തവക്കുലുമെല്ലാം നിരാകരിക്കുന്നു. ഭൗതികവാദികളും നിരീശ്വരനിർമതവാദക്കാരുമൊക്കെ ഇത്തരം രീതിയാണ് സ്വീകരിക്കാറുള്ളത്.

വേറെ ചിലർ പ്രപഞ്ചത്തിലെ കാര്യകാരണബന്ധങ്ങളെ പാടെ അവഗണിച്ചുകൊണ്ട് പോകുന്നു. തീവ്ര സ്വൂഫികൾ ആ രീതി കൈക്കൊള്ളുന്നവരാണ്. പ്രാർഥനയും തവക്കുലും ഒന്നുമില്ലാതെ സൃഷ്ടികളുടെ കഴിവുകളിലും സംവിധാനങ്ങളിലും അമിതവിശ്വാസം പുലർത്തി അവയെ മാത്രം ആശ്രയമായി കണ്ടുകൊണ്ടുള്ള പോക്ക് ഒരു തരം നിഷേധവും അഹങ്കാരവുമാണ്. അപ്രകാരം തന്നെ അധ്വാനങ്ങളും പരിശ്രമങ്ങളും മുൻകരുതലുകളുമില്ലാതെ എല്ലാം 'ദൈവവിധി' എന്ന് പറഞ്ഞ് അലസന്മാരായി കഴിഞ്ഞുകൂടുന്നതും മതത്തിന്റെ അധ്യാപനങ്ങളെ കുറിച്ചുള്ള അജ്ഞതയും വഴികേടുമാണ്.

ഇമാം അഹ്മദ് ഇബ്നു ഹമ്പലി(റഹി)നോട് ഒരാൾ പറഞ്ഞു: 'ഞാൻ തവക്കുലാക്കിക്കൊണ്ട് കാൽനടയായി ഹജ്ജിന് പോകുവാൻ ഉദ്ദേശിക്കുന്നു.' ഇമാം അവർകൾ അയാളോട് ചോദിച്ചു: 'നീ തനിച്ചാണോ പോകുന്നത്?' അയാൾ പറഞ്ഞു: 'അല്ല, ആളുകളുണ്ട്.' അപ്പോൾ ഇമാം അഹ്മദ് പറഞ്ഞുവത്രെ: 'എങ്കിൽ ആളുകളുടെ ഭക്ഷണപ്പൊതിയിലാണ് ഭരമേൽപിച്ചിരിക്കുന്നത്' (തഫ്സീർ ക്വുർത്വുബിയിൽ നിന്ന് 15/13).



ഇത്തരം അലസതയെയും അജ്ഞതയെയും തിരുത്തിക്കൊണ്ട് ഉമർ(റ) ഇപ്രകാരം പറയാറുണ്ടായിരുന്നുവത്രെ: "നിങ്ങളാരും (അധ്വാനിച്ച്) ഉപജീവനം തേടാതെ 'അല്ലാഹുവേ, എനിക്ക് രിസ്ക് നൽകണേ' എന്നു പറഞ്ഞ് ചടഞ്ഞിരിക്കരുത്. ആകാശം സ്വർണമോ വെള്ളിയോ വർഷിക്കാറില്ല എന്നത് നിങ്ങൾക്കറിയാമല്ലോ" (ഇഹ്യാ ഉലൂമുദ്ദീൻ).

തന്റെ ഒട്ടകത്തെ മേയാൻവിടാൻ ഭാവിച്ചുകൊണ്ട് നബിﷺയോട് ഒരാൾ ചോദിച്ചു: 'ഞാനിതിനെ കെട്ടിയിടുകയും തവക്കുലാക്കുകയും ചെയ്യണോ? അതല്ല, ഇതിനെ കെട്ടിയിടാതെ തവക്കുൽ ആക്കണോ?' അപ്പോൾ നബിﷺ പറഞ്ഞു: 'നീ അതിനെ കെട്ടിയിടുകയും തവക്കുലാക്കുകയും ചെയ്യുക' (തുർമുദി, ഇബ്നുഹിബ്ബാൻ).

നമ്മുടെ കഴിവിൽപെട്ടത് നാം ചെയ്തുകൊണ്ടായിരിക്കണം തവക്കുൽ ചെയ്യേണ്ടതെന്ന് ഈ സംഭവവും നമ്മെ പഠിപ്പിക്കുന്നു. ഈ വിഷയമായി അല്ലാമാ ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞ വാക്കുകൾ ഏറെ ശ്രദ്ധേയവും വ്യക്തവുമാണ്:

"അല്ലാഹു നിശ്ചയിച്ച കാരണങ്ങളുമായി ബന്ധപ്പെടാതെ തൗഹീദിന്റെ യാഥാർഥ്യം പൂർണമാവുകയില്ല. അവയെ നിരാകരിക്കൽ തൗഹീദിന്റെ കാര്യത്തിൽതന്നെ ന്യൂനതവരുത്തുന്നുണ്ട്. അവയെ സമീപിക്കാതിരിക്കൽ തവക്കുലിന് എതിരായ അശക്തതയാണ്. വാസ്തവത്തിൽ 'തവക്കുൽ' എന്നത് ഒരു അടിമ തന്റെ ദീനിന്റെയും ദുൻയാവിന്റെയും കാര്യത്തിൽ ഉപകാരപ്രദമായത് നേടിയെടുക്കാനും ഉപദ്രവകരമായത് തടയാനുമായി ഹൃദയംകൊണ്ട് അല്ലാഹുവിനെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യലാണ്. ഈ അവലംബിക്കലിൽ അനിവാര്യമായും കാരണങ്ങളുമായി ബന്ധപ്പെടേണ്ടതുണ്ട്. അല്ലായെങ്കിൽ ഒരാൾ തന്റെ ശേഷിയില്ലായ്മയെ തവക്കുലും തവക്കുലിനെ കഴിവുകേടും ആയി ഗണിക്കേണ്ടതില്ല" (സാദുൽ മആദ്, വാ: 4, പേജ്: 14).

റിഫായി ജിഫ്രി, മണ്ണാർക്കാട്
mail@nerpatham.com

ലേഖനം



# വീടുകൾക്കുള്ളിലെ 'സാമൂഹിക അകലം'

ഈ വർഷം നമ്മൾ കൂടുതൽ കേട്ടതും പരിചയിച്ചതുമായ ഒരു വാക്കും പ്രവൃത്തിയുമാണ് 'സോഷ്യൽ ഡിസ്റ്റൻസ്' അഥവാ സാമൂഹിക അകലം പാലിക്കൽ. നമ്മുടെ ആരോഗ്യത്തിനും ജീവനു തന്നെയും ഭീഷണിയായി മാറിയ വൈറസിനെ അകറ്റിനിർത്താനുള്ള ഒരു സ്വയംപ്രതിരോധ മാർഗം.

എന്നാൽ ഇവിടെ പ്രതിപാദിക്കുന്നത് ഒരു മേൽക്കൂരയ്ക്കു കീഴിൽ 'സാമൂഹിക അകലം' പാലിക്കുകയും ഒരുമിച്ചുകഴിയുകയും ചെയ്യുന്നതിനെക്കുറിച്ചാണ്.

വിവാഹവും മധുവിധു കാലഘട്ടവും കഴിഞ്ഞാൽ ദമ്പതികൾക്ക് ഏറ്റവും സന്തോഷം പകരുന്നവരാണ് സന്താനങ്ങൾ. മക്കളുണ്ടായിക്കഴിഞ്ഞാൽ പിന്നെ എല്ലാം അവരാണ്. സ്വന്തം ഇഷ്ടങ്ങളും വിനോദങ്ങളും സന്തോഷങ്ങളും മാറ്റിവച്ച് അവരുടെ സന്തോഷത്തിനും ഭാവിക്കും വേണ്ടി കഠിനാധ്വാനം ചെയ്യുന്നവരാണ് ഓരോ മാതാവും പിതാവും. മക്കളുടെ ഓരോ വളർച്ചയെയും കണ്ടും ഉത്കണ്ഠപ്പെട്ടും സന്തോഷം കണ്ടെ ത്തും മാതാപിതാക്കൾ. അങ്ങനെ വരുമ്പോൾ എല്ലാ മാതാപിതാക്കളും അവരുടെ മക്കളുടെ കാര്യത്തിൽ സ്വാർഥരാണ്. അതായത് മക്കളിലൂടെ സന്തോഷം കണ്ടെത്തുന്ന നിർദോഷകരമായ സ്വാർഥത.

എന്നാൽ ചില വീടുകളിലെങ്കിലും അന്തരീക്ഷം ഉദ്ദേശ്യവും പ്രവർത്തനവും തമ്മിൽ ചേരുംപടി ചേരാത്ത പോലെയാണ്. മക്കളുടെ നല്ലതിനും വളർച്ചയ്ക്കും വേണ്ടി കടയ്ക്കൽ ഒഴിച്ചുകൊടുക്കുന്ന വെള്ളവും വളവുംകൊണ്ട് ഉദ്ദേശിച്ചത് കിട്ടുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതുണ്ട്. കാണാൻ പുഷ്ടിയുള്ളതുകൊണ്ട് മാത്രം മികച്ച കായ്ഫലം കിട്ടിക്കൊള്ളണം എന്നില്ലല്ലോ.

ഇവിടെയാണ് നേരത്തെ പറഞ്ഞ കുടുംബാംഗങ്ങൾ തമ്മിലുള്ള അകലം സൃഷ്ടിക്കുന്ന വിപരീത ഫലം വെളിപ്പെടുന്നത്. കുടുംബനാഥൻ ഉണ്ടാകുമ്പോൾ കളിയും ചിരിയും ഇല്ലാതെ നിശ്ശബ്ദമാകുന്ന വീടുകൾ. ഉപ്പ വരുന്നുണ്ട്, ഇനി മിണ്ടാതിരിക്കണം എന്ന മുന്നറിയിപ്പ് നൽകുന്ന ഉമ്മമാർ! മുമ്പ് മിക്ക വീടുകളിലും ഈ അവസ്ഥയാണ് ഉണ്ടായിരുന്നത്. ഇന്ന് എണ്ണത്തിൽ കുറവുണ്ടെങ്കിലും പല വീടുകളിലും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട്.

ഇത്തരത്തിലുള്ള പിതാക്കളുടെ കാര്യമാണ് രസകരം. ഇവർ വീടിനുപുറത്ത് മറ്റുള്ളവരുമായി വളരെ സ്വതന്ത്രമായി ഇടപെടുന്നവരും രസികരുമായിരിക്കും. എന്നാൽ വീട്ടിലേക്ക് കയറുന്നതോടെ ഗൗരവത്തിന്റെയും കാർക്കശ്യത്തിന്റെയും ഒരു മുഖാവരണം അണിയും. തന്റെ സാന്നിധ്യത്തിലുള്ള, വീട്ടിലെ നിശ്ശബ്ദതയും അച്ചടക്കവും ഇത്തിരി അഹങ്കാരത്തോടെ ആസ്വദിക്കും.

ഇതെല്ലാം കുടുംബത്തിന്റെയും മക്കളുടെയും നല്ലതിനാണ് എന്നാണ് ഭാഷ്യം. അച്ചടക്കവും കൃത്യനിഷ്ഠയും ശീലിക്കേണ്ടതു തന്നെയാണ് എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാൽ ഇത്തരം മാതാപിതാക്കളുള്ള വീടുകളിലെ അവസ്ഥ എന്താണ്? അവിടങ്ങളിൽ പിതാവ് സന്തോഷംകളയുന്ന ഒരുവ്യക്തിയായി മാറുകയാണ്. ആ കുടുംബത്തിന്റെ സന്തോഷം അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലാണ് എന്നത് കൗതുകകരമാണ്, വിഷമകരവും.

ഇത്തരത്തിൽ 'വാർഡൻമാർ' ആയി മാറുന്ന മാതാപിതാക്കൾ മനസ്സിലാക്കേണ്ടത്; മക്കൾ സത്യത്തിൽ ആഗ്രഹിക്കുന്നത് ചിരിച്ചുകൊണ്ട് വീട്ടിലേക്ക് കയറിവരുന്ന, കണ്ടയുടൻ കെട്ടിപ്പിടിക്കുന്ന, ഉമ്മവയ്ക്കുന്ന, നെറുകയിൽ തലോടുന്ന മാതാപിതാക്കളെയാണ്. പ്രശ്നങ്ങളും വിഷമങ്ങളും സന്തോഷങ്ങളും ആഗ്രഹങ്ങളും ഭീതികൂടാതെ രക്ഷിതാക്കളെ അറിയിക്കാനുള്ള സ്വാതന്ത്ര്യമാണ് അവർ ആഗ്രഹിക്കുന്നത്. തീർച്ചയായും അത് അവർ അർഹിക്കുന്നുണ്ട് താനും.

സ്വാതന്ത്ര്യം നൽകുന്നത് മക്കൾ വഷളാകുന്നതിന് കാരണമാകുന്നുണ്ട് എന്നത് ഒരു തെറ്റായ ധാരണയാണ്. മേൽപറഞ്ഞ ജീവിതസാഹചര്യം ഇല്ലാതെ വളരുന്ന കുട്ടികൾ സ്വാഭാവികമായും ഇതൊക്കെ പറയാൻ മറ്റുള്ളവരെ കണ്ടെത്തും. അത്തരം കൂട്ടുകെട്ടുകളും സാഹചര്യങ്ങളുമാണ് അവരെ ചൂഷണത്തിനിരയാക്കുന്നതും നമ്മുടെ നിയന്ത്രണത്തിൽനിന്ന് പതിയെ വഴുതിപ്പോകാനുള്ള കാരണമായി മാറുന്നതും.

ഇവിടെയാണ് നേരത്തെ സൂചിപ്പിച്ച വെള്ളവും വളവും വിഷമായി മാറുന്നത്. മാത്രമല്ല ഇങ്ങനെ വളർന്നുവരുന്ന കുട്ടികളുടെ ഭാവിജീവിതം അത്ര ശോഭനമാകില്ല. നല്ല ജോലിയും ശമ്പളവും മറ്റു ഭൗതിക സാഹചര്യങ്ങളുമൊക്കെ ഉണ്ടാകുമെങ്കിലും വ്യക്തിപരമായി ചില സ്വഭാവ വൈകല്യങ്ങൾ അവരിൽ കാണപ്പെട്ടേക്കാം. അവരുടെ കുടുംബജീവിതത്തിലും ഇത് അസന്തുഷ്ടിയുണ്ടാക്കും എന്നതിൽ സംശയമില്ല. കാരണം കണ്ടുവന്നതും പരിശീലിച്ചുവന്നതുമായ കാര്യങ്ങൾ തുടർന്നു ചെയ്യുന്നത് സ്വാഭാവികമാണ്. ഇതിൽ തെറ്റുചെയ്യുന്നത് യഥാർഥത്തിൽ മാതാപിതാക്കളാണ്.

ഇത്തരം മാതാപിതാക്കൾക്ക് വയസ്സുകാലത്ത് സ്വന്തം പ്രവർത്തനത്തിന്റെ കയ്പുനീർ കുടിച്ചു കഴിയേണ്ടി വരികയും ചെയ്യും. സ്വന്തം മക്കളൊന്നു തൊടാനും കെട്ടിപ്പിടിച്ചു ഉമ്മവയ്ക്കാനുമുള്ള ആഗ്രഹം മരീചികയായി മാറുകയും ചെയ്യും. സത്യത്തിൽ ഇതിന്റെ ദൂഷ്യഫലങ്ങൾ തലമുറകൾ തോറും കൈമാറി കൊണ്ടേയിരിക്കും.

ഭാര്യയും ഭർത്താവും തമ്മിലും മറ്റൊരുതരത്തിൽ അകലം പാലിക്കുന്ന അവസ്ഥയും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഒരേ വീട്ടിൽ താമസിക്കുന്ന, ഒരേ മുറിയിൽ കിടന്നുറങ്ങുന്ന ഭാര്യയും ഭർത്താവും തമ്മിൽ മാനസികമായി വളരെ അകലത്തിലായിരിക്കുന്ന അവസ്ഥ! പലപ്പോഴും ഈ അകൽച്ചയുടെ കാരണം നിസ്സാരമായിരിക്കും; ഉള്ളുതുറന്നു സംസാരിച്ചാൽ തീരുന്നത്. എന്നാൽ 'ഈഗോ' അതിനു സമ്മതിക്കില്ല. ഇതിന്റെ ദുരന്തഫലവും മക്കൾ അനുഭവിക്കേണ്ടിവരുമെന്നതിൽ സംശയമില്ല.

സ്വയം മാറാൻ തയ്യാറാവുക. സൗമ്യമായി പെരുമാറുവാനും സ്നേഹം പ്രകടിപ്പിക്കുവാനും സന്മനസ്സു കാണിക്കുക. ഇസ്‌ലാം പഠിപ്പിക്കുന്ന ഉന്നതമായ സ്വഭാവഗുണങ്ങൾ ജീവിതത്തിൽ പകർത്തുക. എങ്കിൽ സമാധാനം കളിയാടും; കുടുംബത്തിലും മനസ്സിലും.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ഇസ്‌ലാമിലെ ആഘോഷങ്ങളുടെ സവിശേഷത

ആഘോഷങ്ങളില്ലാത്ത മതങ്ങളില്ല ലോകത്ത്. എന്നാൽ ഇസ്‌ലാം ഈ രംഗത്തും വ്യത്യസ്തത പുലർത്തുന്നു. ലഹരിയിൽ ആറാടി ആടിപ്പാടാനും അനാവശ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള അവസരമായല്ല ഇസ്‌ലാം ആഘോഷങ്ങളെ കാണുന്നത്. സ്രഷ്ടാവിനെ മറന്ന് തിമർത്താടാനുള്ള വേളയല്ല അത്. മറിച്ച് ഇസ്‌ലാമിലെ ആഘോഷങ്ങൾ പ്രാർഥനാമയമാണ്. പെരുന്നാൾ കടന്നുവരുമ്പോൾ എക്സൈസ് വകുപ്പിനോട് ജാഗ്രത പാലിക്കാൻ കൽപന കൊടുക്കേണ്ട അവസ്ഥ നമ്മുടെ സർക്കാരിനുണ്ടാകുന്നില്ല. പെരുന്നാൾ ദിവസം മദ്യവിൽപനയിലൂടെ സർക്കാർ സമ്പാദിച്ച കോടികളുടെ കണക്ക് പത്രങ്ങൾക്ക് പ്രസിദ്ധീകരിക്കേണ്ടിവരാറുമില്ല.

മുസ്‌ലിംകൾക്ക് രണ്ടേരണ്ട് ആഘോഷങ്ങളാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്. വ്രതശുദ്ധിയുടെ നിറവിൽ ശവ്വാൽ മാസപ്പിറവിയോടെ സമാഗതമാകുന്ന ഈദുൽഫിത്‌റും ത്യാഗസ്മരണകളുയർത്തുന്ന ഹജ്ജ് മാസത്തിൽ കൊണ്ടാടുന്ന ഈദുൽ അദ്ഹയുമാണവ. കൃത്യമായ ലക്ഷ്യവും സന്ദേശവുമുണ്ട് എന്നതാണ് ഇസ്‌ലാമിലെ ആഘോഷങ്ങളുടെ സവിശേഷത.

ഇബ്‌റാഹീം നബി(عليه السلام)യുടെയും പുത്രൻ ഇസ്മാഈൽ നബി(عليه السلام)യുടെയും ഹാജറ ബീവിയുടെയും ത്യാഗനിർഭരമായ ജീവിതത്തിന്റെ ഓർമകളുണർത്തിയാണ് ദുൽഹിജ്ജ പത്തിന് ബലിപെരുന്നാൾ കടന്നുവരിക. വാർധക്യത്തിൽ തനിക്ക് പിറന്ന കുഞ്ഞിനെ അല്ലാഹുവിന്റെ കൽപന പ്രകാരം ബലിനൽകാൻ മനസ്സുകാണിച്ച ഇബ്‌റാഹീം നബി(عليه السلام)യുടെയും തന്നെ ബലിയറുക്കാൻ സർവാത്മനാ തയ്യാറായ ഇസ്മാഈൽ നബി(عليه السلام)യുടെയും ത്യാഗസന്നദ്ധത ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. തൗഹീദിന്റെ മാർഗത്തിൽ അഗ്നി പരീക്ഷണങ്ങൾക്ക് വിധേയനായ ഇബ്‌റാഹീം നബി(عليه السلام)യുടെ വിളിയാളത്തിന് ഉത്തരമേകി ലോകത്തിന്റെ അഷ്ടദിക്കുകളിൽനിന്നും വിശ്വാസികൾ ഹജ്ജ് കർമത്തിനായി മക്കയിൽ എത്തുകയും അതിന്റെ കർമങ്ങളിൽ മുഴുകുകയും ചെയ്യുന്ന സമയത്താണ് ലോകമെങ്ങും ബലിപെരുന്നാൾ ആഘോഷിക്കുന്നത്. ഇഷ്ടപ്പെട്ടതെന്തും അല്ലാഹുവിനു വേണ്ടി ത്യജിക്കാനുള്ള സന്നദ്ധതയാണ് വിശ്വാസികൾ ഈ ആഘോഷത്തിലൂടെയും ബലികർമത്തിലൂടെയും പ്രകടമാക്കുന്നത്. ഈ ആദർശ പ്രതിബദ്ധത നാം കാത്തുസൂക്ഷിക്കുക. ആഘോഷങ്ങൾ അതിരുവിടാതിരിക്കാൻ ശ്രമിക്കുക.

ഇബ്‌റാഹീം(عليه السلام) ഉൾപ്പെടുന്ന പ്രവാചകന്മാർ മനുഷ്യരാശിയുടെ മാർഗദർശികളായിത്തീരുന്നത് അവർ തൗഹീദ് ആദർശമായി അംഗീകരിക്കുകയും ധാർമികജീവിതം നയിക്കുകയും നന്മ പ്രവർത്തിച്ചുകൊണ്ട് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുകയും ചെയ്തതുകൊണ്ടാണ്. ഇസ്‌ലാം ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിച്ചുകൊണ്ടല്ലാതെ ഏതൊരു വ്യക്തിക്കും സ്രഷ്ടാവിന്റെ അനുഗ്രഹവും അംഗീകാരവും നേടിയെടുക്കാൻ കഴിയില്ല എന്ന പരമാർഥത്തിന്റെ സാക്ഷ്യങ്ങളാണ് ഇബ്‌റാഹീം(عليه السلام) ഉൾപ്പെടെയുള്ള പ്രവാചകന്മാരുടെ ജീവിത ചരിത്രം.

ബന്ധങ്ങൾ പുതുക്കുകയും അറ്റുപോയ ബന്ധങ്ങളെ വിളക്കിച്ചേർക്കുകയും ചെയ്യുവാൻ പെരുന്നാളാഘോഷത്തെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ദൂരദിക്കുകളിലേക്കുള്ള വിനോദയാത്രയെക്കാൾ ഉപകാരപ്രദമായ കാര്യമാണിതെന്നതിൽ സംശയമില്ല. എന്നാൽ കോവിഡ് കാലത്ത് സന്ദർശനം നടത്തുക എന്നത് സാധ്യമല്ലല്ലോ. കഴിവതും വീട്ടിൽ തന്നെ കഴിഞ്ഞുകൂടുവാനാണ് സർക്കാറും ആരോഗ്യരംഗത്തുള്ളവരും നിർദേശിക്കുന്നത്. അത് പാലിക്കാൻ നാം ബാധ്യസ്ഥരാണ്. കുടുംബസന്ദർശനം പുണ്യകർമമാണെങ്കിലും ഈ സന്ദർഭത്തിൽ സന്ദർനം ഒഴിവാക്കലാണ് അതിനെക്കാൾ ഗുണകരം. മൊബൈൽ ഫോൺ, ഇന്റർനെറ്റ്, സോഷ്യൽമീഡിയ എന്നീ സൗകര്യകൾ ഉപയോഗപ്പെടുത്തി കുടുംബങ്ങളുമായി സമ്പർക്കം പുലർത്തുവാൻ സമയം കണ്ടെത്തണം. അടുത്താണെങ്കിലും അകലെയാണെങ്കിലും ഒരുവിളിയും ക്ഷേമാന്വേഷണവും മതിയാകും ബന്ധങ്ങളെ ഊഷ്മളമാക്കുവാൻ. ●




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീ കരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- പങ്കെടുത്ത മത്സരങ്ങളിൽ നേടിയ ശരിയുത്തരങ്ങളെ അടിസ്ഥാനമാക്കി ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച മത്സരാർ ഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മത്സരം നടത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്.
- പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.കൂടുതൽ ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ശനിയാഴ്ചയും രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
- വിജയികളുടെ വിലാസം മൊബൈൽ നമ്പർ വച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ശരിയുത്തരങ്ങൾ തൊട്ടടുത്ത ഞായറാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ ഞായറാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റി ലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- ആഴ്ച തോറുമുള്ള വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 182

**ഒന്നാം സമ്മാനം:**

Alfiya Abdulkhader, Nadackal, Erattupetta, Kottayam

**രണ്ടാം സമ്മാനം:**

Thanseem PM, Alathur, Mudapallur, Palakkad

**മൂന്നാം സമ്മാനം:**

Rez Kollathodi, Saudi Arabia

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JULY 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
**നേർപഥം Quiz**
**MEGA**

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**
**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**
മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!
**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**
കൂടാതെ ശരിയുത്തരമയക്കുന്ന
**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

QR കോഡ്
സ്കാൻ ചെയ്യുക

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ
ലൈബ്രറിയോ സന്ദർശിക്കുക

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ശനിയാഴ്ച 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**